## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2015 ജൂലൈ 29, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--226]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 5579 മുതൽ 5630 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : 5631 മുതൽ 5669 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : 5670 മുതൽ 5760 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : 5761 മുതൽ 5804 വരെ |

### ദുരിതാശ്വാസ ധനസഹായ വിതരണം

5579. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, ചികിത്സാ, അപകട മരണ ധനസഹായങ്ങൾ വിതരണം ചെയ്യുമ്പോൾ എം.എൽ.എ മാരെ ഒഴിവാക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എം.എൽ.എ മാർ, എം.പി. മാർ തുടങ്ങിയ ജനപ്രതിനിധികളെ അവഹേളിക്കുന്ന തരത്തിൽ ഇവരെ ഒഴിവാക്കി ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനായി നൽകിയിട്ടുള്ള നിർദ്ദേശം പിൻവലിക്കുന്നതിനും, ഇവരെക്കൂടി ഉൾപ്പെടുത്തി ധനസഹായം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുമായി നിർദ്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

### ഐ.എം ജി യുടെ പരിശീലന പരിപാടികൾ

5580. ശ്രീ.പാലോട് രവി

,, സി.പി.മുഹമ്മദ്

,, സണ്ണി ജോസഫ്

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എം ജി യുടെ പരിശീലന പരിപാടികൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

### പി.എസ്.സി വഴിയുള്ള നിയമനം

5581. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.ഡി.സതീശൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി വഴിയുള്ള നിയമനത്തിൽ റിക്കാർഡ് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ?

### പി.എസ്.സി. റാങ്ക് ലിസ്റ്റ്

5582. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ തസ്തികകളിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ സംസ്ഥാന-ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും 2015ജൂൺ 30 വരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### വി.എച്ച്.എസ്.ഇ. നോൺ വൊക്കേഷണൽ ടീച്ചർ (ബയോളജി) തസ്തികയിലെ ഒഴിവുകൾ

5583. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. നോൺ വൊക്കേഷണൽ സീനിയർ, ജൂനിയർ ടീച്ചർ (ബയോളജി) തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് അഡ്വൈസ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അഡ്വൈസ് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

<u>പെൻഷൻ പ്രായം</u>

5584. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, എം.ചന്ദ്രൻ

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പ്രായം സംബന്ധിച്ച് യുവജന സംഘടനകൾക്ക് ഉറപ്പുകൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>നവരത്ന പദ്ധതികൾ</u>

5585. ശ്രീ.സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ

,, മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മുൻകൈ എടുത്ത് നടപ്പാക്കുന്ന നവരത്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കും;

(സി) കേരളത്തിന്റെ ഭാവി മുന്നിൽക്കണ്ട് ഇത്തരം കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ</u>

5586. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥൻമാരുമായി നിയമസഭാമന്ദിരത്തിൽ കൂടിയ യോഗം എന്നായിരുന്നു ; ഓരോ വിഭാഗത്തിലുമായി എത്രപേർ പങ്കെടുത്തു ; ശ്രീമതി .മേനകാഗാന്ധിയുടെ സംഘടനയെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാം ;പ്രസ്തുത സംഘടനയെ യോഗത്തിൽ പങ്കെടുക്കുന്നതിനായി ക്ഷണിച്ചിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ അവരെ യോഗത്തിൽ പങ്കെടുക്കാൻ സഹായിച്ച ഉദ്യോഗസ്ഥർ ആരെല്ലാമെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യോഗത്തിൽ 1960ൽ പാർലമെന്റ് പാസ്സാക്കിയ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമവും 2006 ലെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിയും ചർച്ച ചെയ്തുവോ എന്നും എന്തു തീരുമാനമെടുത്തു എന്നുംവ്യക്തമാക്കുമോ ;, പ്രസ്തുത ആക്റ്റിന്റേയും ഹൈക്കോടതി വിധിയുടേയും പകർപ്പ് ലഭ്യമാക്കുമോ ;

(സി) തെരുവുനായ്ക്കളെ കൊല്ലുന്നതു സംബന്ധിച്ച് ഈ സർക്കാർ കാലയളവിൽ ഇറക്കിയ സർക്കുലർ/ഓർഡർ പകർപ്പുകളും, ഇവയിൽ റദ്ദാക്കിയ സർക്കുലറുകൾ/ഓർഡറുകൾ സംബന്ധിച്ച വിവരവും ,ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന ഓംബുഡ്സ്മാൻ 2004 ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് നിലവിൽ സുപ്രീംകോടതിയിൽ എത്ര കേസ്സുകൾ നിലനിൽക്കുന്നു ; എത്ര കേസ്സുകളിൽ സർക്കാർ കക്ഷി ചേർന്നിട്ടുണ്ടെന്നറിയിക്കുമോ; ; ഏതെല്ലാം സംസ്ഥാനങ്ങളിൽ തെരുവ് നായ്ക്കളെ കൊല്ലുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നറിയിക്കുമോ ?

<u>പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ എന്നീ തസ്തികകളിലെ ഒഴിവുകൾ</u>

5587. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ എന്നീ തസ്തികകളിലെ ഒഴിവുകൾ എത്ര എണ്ണം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഈ തസ്തികകളിലെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണ്;

(ഡി) ഈ തസ്തികകളിലെ റിപ്പോർട്ട് ചെയ്ത വേക്കൻസികളിലുള്ള നിയമനം എന്നത്തേയ്ക്ക് നടത്തുമെന്ന് വ്യക്തമാക്കാമോ;

(ഇ) റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ നടപടി സ്വീകരിക്കുമോ?

<u>കുമാരി സീതാലക്ഷ്മിയിൽ കരുനാഗപള്ളി എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ടി.സി</u>

5588. ശ്രീ.വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 അധ്യായന വർഷം ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള കരുനാഗപള്ളി എഞ്ചിനീയറിംഗ് കോളേജ് മാനേജ് മെന്റ് ഒ.ഇ.സി ക്വാട്ടാ (തിയ്യ) യിൽ അഡ്മിഷൻ ലഭിച്ചിരുന്ന B-Tech വിദ്യാർത്ഥിനിയായിരുന്ന കുമാരി സീതാലക്ഷ്മിക്ക് ടി.സി യും സർട്ടിഫിക്കറ്റുകളും തിരികെ ലഭിക്കുന്നത് സംബന്ധിച്ച് ഗവ:സെക്രട്ടേറിയറ്റിലെ ഹയൽ എഡ്യൂക്കേഷൻ വകുപ്പിലെ (22272/J/H എഡ്യൂക്കേഷൻ/15) ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) 11-1-2007ലെ സ.ഉ. (എം.എഡ്) നം. 3/2007/പജ.പവ.വിവ. ഉത്തരവ് പ്രകാരം പഠനം ഇടയ്ക്ക് നിർത്തി വച്ച് പോകുന്ന പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികളിൽ നിന്നും ലികിഡേഷൻ ഡാമേജസ് ഈടാക്കേണ്ടതില്ല എന്നിരിക്കെ കുമാരി ജി. സീതാലക്ഷ്മിക്ക്

ലിക്വിഡേഷൻ ഡാമേജസ് നൽകാതെ തന്നെ ടി.സി യും മറ്റ് സർട്ടിഫിക്കറ്റുകളും തിരികെ നൽകാൻ എന്ത് തടസ്സമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിയമ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ലെങ്കിൽ കുമാരി സീതാലക്ഷ്മിയിൽ നിന്നും ലിക്വിഡേഷൻ ചാർജസ് ഈടാക്കാതെ ടി.സി യും, വിദ്യാഭ്യാസ സർട്ടിഫിക്കറ്റും തിരികെ നൽകാൻ കോളേജ് അധികൃതർക്ക് നിർദ്ദേശം നൽകുമോ?

കസ്തൂരി രംഗൻ റിപ്പോർട്ട്

5589. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ പ്രധാനമന്ത്രിയുമായുള്ള ചർച്ചയിൽ മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധമായി കേരളം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) അന്തിമ വിജ്ഞാപനത്തിന് മുന്നോടിയായി കേന്ദ്രം ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും കേരളം കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ലാസ്റ്റ് ഗ്രേഡ് സർവ്വന്റുമാരുടെ പ്രൊമോഷൻ

5590. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് സർവ്വന്റുമാരുടെ 10 % പ്രൊമോഷനുവേണ്ടി ജില്ലാതലത്തിൽ എൽ.ഡി. ക്ലാർക്കുമാരുടെ കേഡർ സ്ട്രെങ്ത് കണക്കാക്കുമ്പോൾ എല്ലാ ജില്ലകളിലും നിയമന അധികാരികളുള്ള വകുപ്പുകളിലെ ഹെഡ്ക്വാർട്ടേഴ്സുകളിലെ ക്ലർക്കുമാരുടെ കേഡർ സ്ട്രെങ്ത് ഏത് ജില്ലയിലാണ് കണക്കാക്കുന്നത് ;

(ബി) ഇത്തരം വകുപ്പുകളിലെ ഹെഡ്ക്വാർട്ടേഴ്സുകളിൽ മറ്റ് ജില്ലകളിൽ നിന്ന് ട്രാൻസ്ഫർ മുഖേന നിയമിക്കപ്പെട്ടിട്ടുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10% പ്രൊമോഷൻ ഏത് ജില്ലയിലാണ് നൽകേണ്ടതെന്നും അങ്ങനെ നിയമനം ലഭിച്ചവർക്ക് തസ്തികമാറ്റം അനുവദിക്കുമോ എന്നും വിശദമാക്കുമോ ?

ഫയലുകൾ കാണാതായ സംഭവം

5591. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ രണ്ട് ഓഫീസർമാർക്ക് നിയമവിരുദ്ധമായി പ്രമോഷൻ നൽകിയതുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായ സംഭവം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടന്നിട്ടുണ്ടോ; അന്വേഷണത്തിൽ ഫയലുകൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കൊയിലാണ്ടി താലൂക്കിൽ മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം കൈപ്പറ്റിയവർ

5592. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം 50000 രൂപയും അതിന് മുകളിലും ഒരു ലക്ഷം രൂപയും കൈപ്പറ്റിയ എത്ര പേർ കൊയിലാണ്ടി താലൂക്കിൽ ഉണ്ടെന്നും ഇവരുടെ പേര്, വിലാസം എന്നിവയും വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് കൊയിലാണ്ടി താലൂക്കാഫീസിലെ രേഖകളുടെ അടിസ്ഥാനത്തിൽ ഇവരുടെ പട്ടിക ലഭ്യമാക്കാമോ ?

ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം

5593. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

സർക്കാർ ഓഫീസുകളിലെ കൈക്കൂലി

5594. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ കൈക്കൂലി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈക്കൂലിക്കേസിൽ എത്ര ഉദ്യോഗസ്ഥർ പിടിക്കപ്പെട്ടു ; വാർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) എല്ലാ സർക്കാർ ഓഫീസിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ ഇളവ്

5595. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്ക് ഏതെല്ലാം വിധത്തിലുള്ള ഇളവുകളാണ് ലഭ്യമാകുന്നത് ;

(ബി) വായ്പാ കുടിശ്ശിക വന്നവർക്ക് പലിശ ഇളവ് നൽകുന്നുണ്ടോ ; വിശദാംശം നൽകാമോ ;ഏത് വർഷം മുതൽ വായ്പ എടുത്തവർക്കാണ് ഇളവ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) വിദ്യാഭ്യാസ വായ്പാ പദ്ധതിക്ക് കേന്ദ്രസഹായമുണ്ടോ; എങ്കിൽ ഈ വകയിൽ കഴിഞ്ഞ നാളിതുവരെ എന്ത് തുക ലഭിച്ചു എന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ നീക്കിവെച്ചതും ചെലവഴിച്ചതുമായ തുകയുടെ കണക്ക് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഇ) എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്ന് വിശദമാക്കാമോ ;

(എഫ്) വിദ്യാഭ്യാസ വായ്പ എടുത്ത് തിരിച്ചടക്കാൻ കഴിയാതെ ജപ്തി ഭീഷണി നേരിടുന്നവരുടെ കാര്യത്തിൽ സർക്കാർ തലത്തിൽ എന്ത് സഹായമാണ് നൽകുന്നത്; ജപ്തി നടപടിക്ക് മോറോട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇത് നിലനിൽക്കുന്നുണ്ടോ;

(ജി) വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്തവരുടെ കുടുംബാങ്ങളുടെയും തിരിച്ചടവിന് മറ്റ് യാതൊരു മാർഗ്ഗമില്ലാത്തവരുടേയും വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ജനസമ്പർക്ക പരിപാടി</u>

5596. ശ്രീ.കെ.അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിൻെറ കാലത്ത് വിവിധ ഘട്ടങ്ങളിലായി നടത്തിയ ഓരോ ജനസമ്പർക്ക പരിപാടിക്കുമുള്ള സവിശേഷതകൾ എന്തൊക്കെയായിരുന്നു ; വ്യക്തമാക്കാമോ ;

(ബി) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ; വിശദമാക്കാമോ ?

<u>ജനസമ്പർക്ക പരിപാടി</u>

5597. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം എത്ര; ഇവയിൽ എത്ര എണ്ണം പരിഹരിക്കപ്പെട്ടു;

(ബി) ആകെ ലഭിച്ചതിൽ എത്ര ശതമാനം പരാതികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു;

(സി) 2011-ൽ നടന്ന ജനസമ്പർക്ക പരിപാടിക്ക് വിവിധ ഇനങ്ങളിലായി ആകെ എത്ര രൂപ ചിലവായി?

<u>ജനസമ്പർക്ക പരിപാടി</u>

5598. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസമ്പർക്ക പരിപാടികളിൽ വിവിധ ജില്ലകളിലായി എത്ര പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികളിൽ എത്ര എണ്ണമാണ് കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ എത്ര പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

5599. ശ്രീ.കെ.എസ്.ശബരീനാഥൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി.പി.മുഹമ്മദ്
,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിതരണം ചെയ്യുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് ;

(ബി) എത്ര കോടി രൂപ ഇതിനായി വിതരണം ചെയ്തിട്ടുണ്ട് ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു ?

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി</u>

5600. ശ്രീ.കെ.അച്ചുതൻ
,, ബെന്നി ബെഹനാൻ
,, കെ.ശിവദാസൻ നായർ
,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിലവിലുള്ള ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) എത്ര ചട്ടങ്ങളിലാണ് ഇങ്ങനെ മാറ്റം വരുത്തിയത് ; വ്യക്തമാക്കാമോ ;

(ഡി) മാറ്റം വരുത്തിയ ചട്ടങ്ങൾ ജനങ്ങളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അറിയിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ?

## സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം

5601. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഏതെല്ലാം തസ്തികകളിൽപ്പെട്ട ഉദ്യോഗസ്ഥരെയാണ് സെക്രട്ടേറിയറ്റിന് പുറത്ത് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമിക്കുന്നത് ; സെക്രട്ടേറിയറ്റിലെ തസ്തികയും വകുപ്പിലെ തസ്തികയും അവയുടെ എണ്ണവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സെക്രട്ടേറിയറ്റ് ജീവനക്കാരെ മാത്രം നിയമിക്കുന്ന തസ്തികകൾ ഏതെല്ലാമാണ് ; സെക്രട്ടേറിയറ്റിലെ തസ്തിക, വകുപ്പിലെ തസ്തിക, അവയുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ ;

(സി) സെക്രട്ടേറിയറ്റിന് പുറത്തുള്ള ഏതെല്ലാം തസ്തികകളുടെ നിയമനത്തിനാണ് സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ക്വാട്ട നിശ്ചയിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി എന്നിവരെ ഏതെല്ലാം തസ്തികകളിലാണ് സെക്രട്ടേറിയറ്റിന് പുറത്ത് നിയമിക്കുന്നത് ; തസ്തികകളുടെ പേരും, എണ്ണവും അടക്കമുള്ള വിശദാംശങ്ങൾ നല്കുമോ ;

(ഇ) ഹയർ സെക്കണ്ടറി വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് സെക്രട്ടേറിയറ്റ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത് ; വിശദമാക്കാമോ?

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം

5602. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂലായ് 31 വരെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നറിയിക്കാമോ; പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) സെക്രട്ടേറിയറ്റ് അസ്സിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി., തുടങ്ങിയ വകുപ്പുകളിൽ 2015 ജൂലായ് 31 വരെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നറിയിക്കാമോ;

(സി) 2015 ഡിസംബർ 31 വരെ ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഹെഡ്ക്വാർട്ടർ വേക്കൻസിയിൽ നിയമനം ലഭിച്ചവരുടെ ജില്ലാതല സ്ഥലംമാറ്റ വ്യവസ്ഥകൾ

5603. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ ജില്ലാതല ലിസ്റ്റിൽ നിന്നും ലാസ്റ്റ് ഗ്രേഡ് സർവ്വന്റായി ഹെഡ്ക്വാർട്ടർ വേക്കൻസിയിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിലേക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ബി) ജീവനക്കാരുടെ സീനിയോറിറ്റി ഏത് തീയതി മുതലാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ ?

## ഇടുക്കി ജനസമ്പർക്ക പരിപാടി -കരുതൽ 2015

5604. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വച്ച് നടത്തിയ ജനസമ്പർക്ക പരിപാടി -കരുതൽ 2015ൽ നേരിട്ട് പങ്കെടുത്ത എത്ര പേർക്കാണ് ധനസഹായം നൽകിയത്; ആകെ എത്ര രൂപ തൊടുപുഴയിൽ വച്ച് വിതരണം നടത്തി;

(ബി) ഇടുക്കിയിലെ കരുതൽ 2015 ന്റെ നടത്തിപ്പിന് വിവിധ ഇനങ്ങളിലായി എത്ര രൂപ ചെലവാക്കി; ഓരോ ഇനവും തിരിച്ച് എത്ര രൂപ ചെലവായി എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ ?

## അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനം

5605. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

## അതിവേഗ വനിതാ കോടതികൾ

5606. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളുടെയും കുട്ടികളുടെയും നേർക്കുണ്ടാകുന്ന അതിക്രമങ്ങൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം കേസുകൾ വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിന് അതിവേഗ വനിതാ കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ അതിവേഗ കോടതികൾ ഏതുതരം കേസുകളാണ് വിചാരണ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ?

## ശ്രീമതി കെ.വി. അനിതയുടെ ഹർജി- സ്പെഷ്യൽ പ്രോസിക്യൂട്ടറുടെ നിയമനം

5607. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊലചെയ്യപ്പെട്ട വ്യക്തികളുടെ ബന്ധുക്കളുടെ അപേക്ഷ പ്രകാരം കേസ്സ് വാദിക്കുന്നതിന് എത്ര പേർക്ക് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2013 സെപ്റ്റംബർ 16-ന് തിരുവോണനാളിൽ കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ട എം.ബി. ബാലകൃഷ്ണന്റെ ഭാര്യ ശ്രീമതി കെ.വി.

അനിത സമർപ്പിച്ച ഹർജിയിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ശ്രീമതി കെ.വി.അനിതയുടെ ഹർജി പരിഗണിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

<u>വിജിലൻസ് കോടതികളിൽ തീർപ്പ് കൽപ്പിക്കാത്ത കേസ്സുകൾ</u>

T 5608. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കോടതികളിൽ തീർപ്പ് കൽപ്പിക്കാത്ത എത്ര കേസ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരം കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നതിനായി കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ ;

(സി) ഏത് വർഷത്തെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് കോടതികളിൽ ഒഴിവുകൾ നികത്തപ്പെടുന്നതെന്ന് അറിയിക്കാമോ ;

(ഡി) ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ജനങ്ങളെ ശാസ്ത്രബോധമുള്ളവരാക്കി ചൂഷണങ്ങളിൽ നിന്നും രക്ഷിക്കാനുള്ള നടപടികൾ</u>

5609. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ ശാസ്ത്രബോധമുള്ളവരാക്കാനും അജ്ഞതമൂലമുള്ള ചൂഷണങ്ങളിൽ നിന്നും അവരെ രക്ഷിക്കാനും ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ ;

(ബി) സംസ്ഥാനത്ത് ഈ സർക്കാർ കാലയളവിൽ ജനങ്ങളുടെ അജ്ഞതയും ശാസ്ത്രബോധമില്ലായ്മയും മുതലെടുത്ത് രജിസ്റ്റർ ചെയ്യപ്പെട്ട തട്ടിപ്പ് കേസുകൾ എത്രയാണെന്ന് പറയാമോ ; ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനം</u>

5610. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസറി തസ്തികയിലേയ്ക്ക് പി.എസ്.സി. എഴുത്തുപരീക്ഷ നടത്തിയത് എന്നാണ്; ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) ഐ.സി.ഡി.എസ്. സൂപ്പർവൈസറി തസ്തികയിൽ ഇന്റർവ്യൂ നടപടികൾ എന്നാണ് ആരംഭിച്ചത്; ഇന്റർവ്യൂ പൂർണ്ണമായോ;

(സി) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

<u>പി. എസ്. സി. യിലെ കമ്പ്യൂട്ടർവൽക്കരണം</u>

5611. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, വി.റ്റി.ബൽറാം
,, തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>പി.എസ്.സി. നിയമനങ്ങൾ</u>

5612. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ തസ്തികകളിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന ഒഴിവുകൾ വകുപ്പ് അധികാരികൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) 2010 ജൂൺ മാസത്തിൽ നിലവിൽ വന്ന തൃശ്ശൂർ ജില്ലയിലെ ഫോറസ്റ്റ് ഗാർഡ് തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ്;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയുട്ടുണ്ട് ; പ്രസ്തുത ലിസ്റ്റിൽ നിന്നും ഇനിയും നിയമനം നടത്താൻ സാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഒഴിവു വന്ന തസ്തികകൾ</u>

5613. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ, മെയ് മാസങ്ങളിലായി ഒഴിവു വന്ന എത്ര തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; എത്ര തസ്തികകളിൽ നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഹയർ സെക്കണ്ടറി (കോമേഴ്സ് )സീനിയർ, ജൂനിയർ റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനങ്ങൾ

5614. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ഉദ്യോഗാർത്ഥികളുടെ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കോമേഴ്സ് സീനിയർ, ജൂനിയർ റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ പ്രകാരം നിയമനം നടത്തേണ്ട എത്ര ഒഴിവുകളാണ് 2009 മുതൽ 2012 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികൾക്ക് അർഹതപ്പെട്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യിപ്പിച്ച് നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഓഫീസ് അറ്റൻഡന്റ്

5615. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തുമ്പോൾ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള പരീക്ഷാർത്ഥിക ളോടൊപ്പം എഴുതുന്ന പ്ലസ് ടു -ന് താഴെമാത്രം യോഗ്യതയുള്ള പരീക്ഷാർത്ഥികൾക്ക് ജോലി ലഭിക്കാതെ പ്രായ പരിധി കഴിഞ്ഞ് അവസരം നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഉദ്യോഗാർത്ഥികൾക്കായി ഒരു അവസരം കൂടി നൽകുവാൻ തയ്യാറാകുമോ?

ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ വിദ്യാഭ്യാസ യോഗ്യത

5616. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി വഴി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അപേക്ഷിച്ചവർക്ക് ഉന്നത വിദ്യാഭ്യാസ യോഗ്യത അധിക യോഗ്യതയായി കണക്കാക്കാറുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളോട് മത്സരിച്ച് ജയിക്കുന്നതിന് പ്ലസ്ടു വിന് താഴെ മാത്രം യോഗ്യതയുള്ള പരീക്ഷാർത്ഥികൾക്ക് പ്രയാസം ആണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ റാങ്ക് ലിസ്റ്റ്

5617. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നിർദ്ദേശം നൽകുന്നതിന് നിയമപരമായ തടസ്സങ്ങൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും അവസാനമായി നിയമന നിർദ്ദേശം നൽകിയതിൻെറ വിശദാംശങ്ങൾ നൽകുമോ;

(സി) അതിനുശേഷം പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമന നിർദ്ദേശങ്ങൾ നൽകാതിരിക്കുന്നതിൻെറ കാരണങ്ങൾ വിശദമാക്കുമോ?

പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട്

5618. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ ഒരു ഭാഗം സമർപ്പിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്ന് ഉത്തരവ് ഇറക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ ;

(ബി) ഇതിനായി മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; പരിഗണനാ വിഷയങ്ങൾ ഇക്കാര്യത്തിൽ നിർദ്ദേശിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പ്രായം 58 ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ ?

ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന നടപടി

5619. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
,, കെ.എൻ.എ.ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം അവഗണിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതൊക്കെ വകുപ്പുകളാണ് ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ളത് ; എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാത്തതായി കണ്ടെത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശം അവഗണിച്ച ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ?

പാലക്കാട് ജില്ലയിലെ ഒഴിവുകൾ

5620. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 6 മാസത്തിനിടയിൽ പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളിൽ നിന്നും പി.എസ്.സി.ക്ക് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഒഴിവുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാറില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം ഓഫീസർമാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സർക്കാർ ജീവനക്കാർ

5621. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ എത്ര ജീവനക്കാരുണ്ട് ; ഓരോ വകുപ്പിലും ജോലി ചെയ്യുന്നവരുടെ എണ്ണം പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് ജീവനക്കാർ അധികമാണെന്ന് കണ്ടെത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) അധികം വന്ന ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

(ഡി) സംതൃപ്തവും, കാര്യക്ഷമവുമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യപ്രാപ്തിക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) ജീവനക്കാരുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങളുടെ അപര്യാപ്തത ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി

5622. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര സർക്കാർ ജീവനക്കാരും അദ്ധ്യാപകരുമാണ് ഇപ്പോൾ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരായി സർവീസിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരുടെ പെൻഷൻ പ്രായം എത്രയാണ്; പുതിയ പെൻഷൻ പദ്ധതി എൻ.പി.എസ് -ൽ എത്ര ജീവനക്കാർ അംഗങ്ങളായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

കാഴ്ചവൈകല്യമുള്ളവരുടെ നിയമനം

T 5623. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ളവർക്കുള്ള ഉദ്യോഗ സംവരണത്തിൽ കാഴ്ചവൈകല്യമുള്ളവർക്കായി നീക്കിവച്ച ഒഴിവുകളിലേക്ക് നിയമനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഉദ്യോഗത്തിൽ പ്രവേശിച്ച ശേഷം കാഴ്ചശേഷി പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടവർക്ക് അതേ വകുപ്പിൽ സൗകര്യപ്രദമായ തസ്തികയിലേക്ക് മാറ്റം നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ;

(സി) 1995-ലെ പേഴ്സൺ വിത്ത് ഡിസ് എബിലിറ്റീസ് ആക്ടിലെ സെക്ഷൻ 47-ന്റെ ആനുകൂല്യം ഉദ്യോഗാർത്ഥികൾക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അപകടമരണ ധനസഹായം

5624. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടമരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഏതു ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത വർദ്ധനവിന് എന്നുമുതലാണ് പ്രാബല്യമെന്നു വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ധന സഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

T 5625. ശ്രീ.ഇ.ചന്ദ്രശേഖരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.മുല്ലക്കര രത്നാകരൻ

,, കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ പൂർണ്ണമായും ഭാഗികമായും കിടപ്പിലായ എത്ര പേർ വീതമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കിടപ്പിലായവർക്കും ഭാഗികമായി കിടപ്പിലാവർക്കും മരണമടഞ്ഞവരുടെ ആശ്രിതർക്കും ദേശീയ മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ധനസഹായം എത്ര വീതമാണ്; ഓരോ വിഭാഗത്തിലും എത്ര പേർക്ക് വീതം ധനസഹായം അനുവദിച്ചു നല്കി എന്ന് വ്യക്തമാക്കാമോ;

(സി) എൻഡോസൾഫാൻ ദുരിത ബാധിതരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മന്ത്രിമാരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഈ കമ്മിറ്റി ഇതിനകം എത്ര പ്രാവശ്യം യോഗം ചേർന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) കമ്മിറ്റി തീരുമാനപ്രകാരം നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള കേന്ദ്ര സഹായം</u>

5626. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച കേന്ദ്ര സഹായം ഇതിനകം സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എന്തു തുക ലഭ്യമായെന്നും ഈ തുക ഏതൊക്കെ സമാശ്വാസ പദ്ധതികൾക്കായി ചെലവഴിച്ചെന്നും വിശദമാക്കാമോ ;

(സി) ദുരിത ബാധിതർക്കായി പ്ലാന്റേഷൻ കോർപ്പറേഷൻ നൽകണമെന്ന് നിർദ്ദേശിച്ച എത്ര തുക ഇതിനകം അവരിൽ നിന്ന് ലഭ്യമായെന്നും ബാക്കി തുക എത്രയെന്നും അവർ അത് ലഭ്യമാക്കാതിരിക്കുന്നതെന്തു കൊണ്ടെന്നും വിശദമാക്കാമോ ?

<u>മന്ത്രിമാർ / സർക്കാർ ഉദ്യോഗസ്ഥർ / പേഴ്സണൽ സ്റ്റാഫ് എന്നിവർക്ക് അനുവദിച്ച വാഹനങ്ങൾ</u>

5627. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ളവർ ഉൾപ്പെടെയുള്ളവരുടെ തസ്തിക തിരിച്ചുള്ള കണക്കും ഇവരിൽ എത്ര ഉദ്യോഗസ്ഥർക്ക് സർക്കാർ വാഹനം അനുവദിച്ചിട്ടുണ്ട് എന്നും ഇതിൽ എത്ര സർക്കാർ / പൊതുമേഖലാ/ മറ്റ് സ്ഥാപനങ്ങളുടെ വാഹനങ്ങൾ നിലവിൽ ഉപയോഗിക്കുന്നു എന്നും ഈ വാഹനങ്ങൾക്ക് 2011 മുതൽ 2015 വരെ ഓരോ വർഷവും ചെലവായ തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്ര പേർക്ക് സർക്കാർ ഉത്തരവു വഴി വാഹനം അനുവദിച്ചിട്ടുണ്ട് എന്നും ഉത്തരവില്ലാതെ എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ , പേഴ്സണൽ സ്റ്റാഫ് എന്നിവരുടെ കുടുംബാംഗങ്ങൾക്ക് വാഹനമുപയോഗിക്കാൻ അനുമതി നല്കിയിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാം ; നിലവിൽ എത്ര കുടുംബങ്ങൾ സർക്കാർ/ പൊതുമേഖലാ/ മറ്റ് സ്ഥാപനങ്ങളുടെ വാഹനങ്ങൾ ഉപയോഗിക്കുന്നു ; ഇതിൽ ഏതെല്ലാം പേഴ്സണൽ സ്റ്റാഫിന്റെ കുടുംബാംഗങ്ങളുണ്ട്; വ്യക്തമാക്കുമോ;

(ഡി) ചീഫ് സെക്രട്ടറി, മറ്റ് സെക്രട്ടറിമാർ , മറ്റ് സർക്കാർ ഉദ്യോഗസ്ഥർ എന്നിവരിൽ ഓരോ വിഭാഗത്തിലും എത്ര പേർക്ക് വാഹനം അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം വ്യവസ്ഥകൾക്കു വിധേയമായി വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കാം എന്നും ഇതിനായി എന്തു തുക സർക്കാർ ഈടാക്കുന്നുണ്ട് എന്നും 2011 മുതൽ 2015 വരെ ഓരോ വർഷവും ഈയിനത്തിൽ ലഭിച്ച തുക എത്ര എന്നും വ്യക്തമാക്കുമോ;

(ഇ) മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് എന്നിവർക്ക് സർക്കാർ വാഹനം ഉപയോഗിക്കുവാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; ഇവരിൽ ഒന്നിലധികം വാഹനമുപയോഗിക്കുവാനുള്ള അനുമതിയുള്ളവർ ആരെല്ലാം ;അവധി ദിനങ്ങളിൽ എത്ര വാഹനങ്ങൾ ഏതെല്ലാം വ്യവസ്ഥകൾ പ്രകാരം ഉപയോഗിച്ചുവെന്നും 2011 മുതൽ 2015 വരെ ശ്രദ്ധയിൽപ്പെട്ടതും ദുരുപയോഗം കണ്ടെത്തിയതുമായ കേസ്സുകളുടെ വിശദാംശവും വ്യക്തമാക്കുമോ?

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾക്ക് പെൻഷൻ</u>

5628. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾക്ക് പെൻഷൻ നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ അലവൻസ് വർധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

<u>വിമാനക്കൂലി വർദ്ധനവ് മൂലം പ്രവാസി മലയാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്</u>

T 5629. ശ്രീ.സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനക്കൂലി ക്രമാതീതമായി വർദ്ധിപ്പിക്കുന്നതു മൂലം പ്രവാസി മലയാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ എയർ ഇൻഡ്യ അടക്കമുള്ള വിമാന കമ്പനികളുമായി ചർച്ച നടത്തി പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>പ്രോട്ടോക്കോൾ പദവി</u>

5630. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്ക് മുകളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർക്ക് പ്രോട്ടോക്കോൾ പദവി നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാനും, വഖഫ് ബോർഡ് ചെയർമാനും ഇതിൽ ഉൾപ്പെടുമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ;

(സി) മുൻ എം.എൽ.എ മാരുടെയും എം.പി മാരുടെയും പൊതുചടങ്ങുകളിലെ പ്രോട്ടോക്കോൾ വിശദമാക്കാമോ?

ഡീ-അഡിക്ഷൻ സെന്റർ

5631. ശ്രീ.ടി.എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ലഹരി വസ്തുക്കളുടെ അമിത ഉപയോഗവും വ്യാപനവും

5632. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾ ഉൾപ്പെടെ ലഹരിക്കായി നിക്കോട്ടിൻ അടങ്ങിയ ച്യൂയിംഗ്ഗം പോലുള്ള പുതിയ ലഹരി വസ്തുക്കൾ ഉപയോഗിച്ചു വരുന്നുണ്ടെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഡോക്ടർമാരുടെ വ്യാജകുറിപ്പടികൾ ഉപയോഗിച്ചും അല്ലാതെയും മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് വേദന സംഹാരികൾ ഉൾപ്പെടെ വൻതോതിൽ ശേഖരിച്ച് ലഹരിക്കായി ഉപയോഗിച്ചു വരുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എക്സൈസ് വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തുന്നുണ്ടോ;

(സി) ലഹരിയുടെ പുതിയ പുതിയ മാർഗ്ഗങ്ങൾ ഉപയോഗിച്ചും കഞ്ചാവ് പോലുള്ള ലഹരിവസ്തുക്കളുടെ വ്യാപനം വഴിയും സ്കൂൾ വിദ്യാർത്ഥികൾ ലഹരിക്ക് അടിമകളാകുന്ന സാഹചര്യം തടയുന്നതിന് സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം ബോധവത്കരണ പരിപാടികൾ സർക്കാർ സംഘടിപ്പിക്കുന്നുണ്ട്?

മദ്യം സംഭരണശാലകളിൽ സൂക്ഷിക്കാൻ നടപടി

5633. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീവറേജസ് കോർപ്പറേഷന്റെ സംഭരണശാലകളിൽ സൂക്ഷിക്കാതെ സംസ്ഥാനത്തെ പാതയോരങ്ങളിൽ ലോറിയിലും മറ്റു വാഹനങ്ങളിലുമായി മദ്യം സൂക്ഷിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭരണശാലകളിൽ സൂക്ഷിക്കുന്നതിന് പകരം ഇത്തരത്തിൽ പാതയോരത്ത് അവ സൂക്ഷിക്കുന്നതു മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും അപകടസാദ്ധ്യതയും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ബുദ്ധിമുട്ടുകളും അപകടസാദ്ധ്യതയും തടയുന്നതിന് അവ സംഭരണശാലകളിലേക്ക് അടിയന്തരമായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ബിയർ, വൈൻ എന്നിവയിലെ ആൽക്കഹോളിന്റെ അളവ്

5634. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ബിയർ, വൈൻ എന്നിവയിൽ ആൽക്കഹോളിന്റെ അളവ് പരിധിയിൽ കവിയുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ബിയർ, വൈൻ എന്നിവയുടെ വീര്യം കണ്ടെത്തുന്നതിന് പരിശോധനകൾ കർശനമാക്കുമോ;

(സി) പരിധിയിൽ കവിഞ്ഞ ലഹരി അടങ്ങിയ ബിയർ, വൈൻ എന്നിവ വിപണനം ചെയ്യുന്ന പാർലറുകൾക്കെതിരെ നടപടി ശക്തമാക്കുമോ?

മദ്യനയം .

5635. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ സമഗ്രമായ മദ്യനയം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ബീവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ

5636. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ബീവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട് ലെറ്റുകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ

5637. ശ്രീ.പി.എ.മാധവൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ
,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്?

<u>സ്പിരിറ്റ് കടത്ത്</u>

5638. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പിരിറ്റ് കടത്തിയതുമായി ബന്ധപ്പെട്ട എത്ര അബ്കാരി കേസുകൾ 1.7.2011 മുതൽ 30.6.2015 വരെ രജിസ്റ്റർ ചെയ്യുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓണം സീസണിൽ വ്യാജ വിദേശമദ്യ നിർമ്മാണവും വിപണനവും തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഓപ്പറേഷൻ മൂൺഷൈൻ പദ്ധതി</u>

5639. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ മൂൺഷൈൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ജില്ലയിൽ സജ്ജീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

5640. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രവർത്തനങ്ങൾക്കായി ഓഫീസ് പ്രവർത്തനം ആരംഭിച്ചതെപ്പോഴാണ്;

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി സംസ്ഥാന ബജറ്റിൽ ആദ്യമായി തുക വകയിരുത്തിയത് ഏതു സാമ്പത്തിക വർഷമാണ്; എത്ര തുക വകയിരുത്തി;

(സി) തുടർന്നുള്ള ഓരോ സാമ്പത്തിക വർഷവും വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി എത്ര തുക വീതം സംസ്ഥാന ബജറ്റുകളിൽ വകയിരുത്തുകയുണ്ടായി എന്നു വ്യക്തമാക്കുമോ?

<u>വിഴിഞ്ഞം തുറമുഖം പദ്ധതി</u>

5641. **ശ്രീ.ഇ.പി.ജയരാജൻ**

**,, കെ.സുരേഷ് കുറുപ്പ്**

**,, രാജു എബ്രഹാം**

**,, എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പദ്ധതിയുടെ കാര്യത്തിൽ സർക്കാർ എടുത്ത അന്തിമ തീരുമാനം വിശദമാക്കാമോ ;

(ബി) സർവ്വകക്ഷി യോഗത്തിലും കമ്പനി ബോർഡ് യോഗത്തിലും ഉയർന്നുവന്ന എന്തെല്ലാം നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി ; അവഗണിച്ചവ എന്തെല്ലാം ; മാറ്റം വരുത്തിയവ ഏതെല്ലാം;

(സി) ഏക ബിഡ് സ്വീകരിക്കുമ്പോൾ സർവ്വകക്ഷിയോഗത്തിലുന്നയിക്കപ്പെട്ട എന്തെങ്കിലും നിലയിലുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുകയുണ്ടായോ ;

(ഡി) തെരഞ്ഞെടുപ്പ് കമ്മിഷന്റെ പ്രത്യേക അംഗീകാരം പോലും വാങ്ങിക്കൊണ്ടുള്ള വളരെ ധൃതിപിടിച്ച നടപടികൾ പെട്ടെന്ന് സാവധാനത്തിലാകാൻ കാരണം എന്തായിരുന്നു ;

(ഇ) അദാനിയുടെ ബിഡിന്റെ കാര്യത്തിൽ ഏതെല്ലാം മേഖലകളിൽ നിന്ന് എതിർപ്പ് രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ട് ;വിശദമാക്കുമോ?

<u>വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണം അദാനിഗ്രൂപ്പിനെ ഏൽപ്പിച്ച നടപടി</u>

5642. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണം അദാനി ഗ്രൂപ്പിനെ ഏൽപ്പിക്കാൻ "ലെറ്റർ ഓഫ് അവാർഡ" പുറപ്പെടുവിച്ചില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം</u>

5643. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത് ;

(ബി) തുറമുഖത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ?

<u>വിഴിഞ്ഞം പദ്ധതിക്കായി പ്രത്യേക കമ്പനി</u>

5644. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിക്കായി പൊതു/സ്വകാര്യ പങ്കാളിത്തമുള്ള പ്രത്യേക കമ്പനി രൂപീകരിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്ന് എന്നാണ് അനുമതി വാങ്ങിയതെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കമ്പനി ഇതിനകം രൂപീകരിച്ചുവോ ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(സി) പദ്ധതിക്കായി രൂപീകരിക്കുന്ന പ്രത്യേക കമ്പനിയിൽ ആരെല്ലാമാണ് അംഗങ്ങളെന്ന് വിശദമാക്കാമോ ?

തുറമുഖങ്ങൾ ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

5645. ശ്രീ.പി.സി വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, ആർ . സെൽവരാജ്
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങൾ ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

5646. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനായി ദശീയപാത, റെയിൽ ലൈൻ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി നീക്കം ചെയ്യപ്പെട്ട ചീനവല. ഊന്നിവല എന്നിവയുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി നൽകുവാനുള്ള തുക ഇതുവരെ നൽകാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ അംഗീകരിച്ചിട്ടുള്ള നഷ്ടപരിഹാര പാക്കേജ് എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ടി തുകയിൽ പോർട്ട് ട്രസ്റ്റ് നൽകാനുള്ളത് എത്രയെന്നും NHAI നൽകാനുള്ളത് എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ച തുക എത്രയെന്നും എന്നാണ് ടി തുക ലഭിച്ചതെന്നും വിശദമാക്കാമോ?

പുന്നപ്ര ഫിഷറീസ് ഹാർബർ

5647. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര ഫിഷറീസ് ഹാർബർ നിർമ്മാണം സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തിയിരുന്നോ; പരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്;

(ബി) ഹാർബർ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ?

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചെലവഴിച്ച തുക

5648. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2015-16 ൽ എൻജിനീയറിംഗ് വകുപ്പിനു വേണ്ടി വകകൊള്ളിച്ചിട്ടുള്ള തുകയെത്രയാണ് എന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധന ബോട്ടുകളുടെ സുരക്ഷ

5649. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും കടലിൽ അപകടത്തിൽപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മത്സ്യബന്ധന ബോട്ടുകളുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ;

(സി) മത്സ്യബന്ധന ബോട്ടുകളെ നിരീക്ഷിക്കുന്നതിനും അപകടത്തിൽപെട്ടാൽ രക്ഷിക്കുന്നതിനുമുള്ള വെസൽ ട്രാക്കിങ് സംവിധാനം ആദ്യഘട്ടത്തിൽ എത്ര ബോട്ടുകളിലാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇത്തരം ബോട്ടുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധന ബോട്ടുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

വൈക്കം മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം

5650. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി വൈക്കം നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്നും ഇതിനായി എത്ര തുക ചെലവഴിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എത്ര റോഡുകൾ അനുവദിച്ച

എന്നും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നുമുള്ള വിശദാംശങ്ങൾ നല്കാമോ?

വയനാട് ജില്ലയിൽ മത്സ്യ ഹാച്ചറി

5651. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ എത്ര ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷിയുണ്ടെന്നതിൻെറ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ നിന്നും എത്ര ടൺ മത്സ്യം ഉൽപാദിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട് എന്നതിൻെറ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

ഫിഷറീസ് വില്ലേജുകൾ

5652. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷറീസ് വില്ലേജുകൾ ഉണ്ട്; അതിൽ എത്ര വില്ലേജുകൾ കാസർഗോഡ് ജില്ലയിൽ ഉണ്ട്;

(ബി) ഫിഷറീസ് ഗ്രാമങ്ങളിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഫിഷിംഗ് ഹാർബറുകൾ

5653. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വളഞ്ഞവഴി ഫിഷ് ലാന്റിംഗ് സെന്റർ

5654. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ വളഞ്ഞവഴിയിൽ ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി ഇതിനായി ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപയാണ് ഇതിനായി അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം നടക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

അജാനൂർ മത്സ്യബന്ധന തുറമുഖം

5655. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി എന്ന് പൂർത്തീകരിക്കുമെന്നും എന്തെല്ലാം നടപടികളാണ് പൂർത്തിയായതെന്നും ഇനി എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ടെന്നും പ്രവൃത്തിക്ക് ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിശദമായ വിവരം നൽകാമോ?

കടാശ്വാസം

5656. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളികൾ വിവിധ സ്ഥാപനങ്ങളിൽ നിന്നും 31.12.2007 വരെ എടുത്ത വായ്പ ബാധ്യതകൾ എഴുതിതള്ളാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ കമ്മീഷൻ വഴി കടം എഴുതിതള്ളുന്നതിനുള്ള തീയതി നീട്ടാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ 2007 ൽ നിന്നും നീട്ടാൻ നടപടി സ്വീകരിക്കുമോ?

വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

5657. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ജനപ്രതിനിധികളുമായി കൂടിയാലോചനക്ക് ശേഷമാണോ തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ പ്രവൃത്തികൾക്കായി ഏതെല്ലാം ജനപ്രതിനിധികളുമായാണ് കൂടിയാലോചന നടത്തിയതെന്ന് വിശദമാക്കാമോ;

(സി) സ്ഥലം എം.എൽ.എ. യുമായി ഈ വിഷയത്തിൽ കൂടിയാലോചന നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

### കാസർഗോഡ് തുറമുഖം

5658. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കോട്ടിക്കുളം-ബേക്കൽ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായി 2015-16 വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(സി) പ്രസ്തുത തുറമുഖം സ്ഥാപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ?

### വൈപ്പിനിലെ ഓഷ്യനേറിയം പദ്ധതി

5659. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതിക്കായി പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് സ്റ്റേറ്റ് എൻവയൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 15 കാര്യങ്ങളിൽ വിശദീകരണം തേടിക്കൊണ്ട് ഫിർമയ്ക്ക് കത്ത് ലഭിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സ്റ്റേറ്റ് എൻവയൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിക്ക് നൽകിയ വിശദീകരണം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

### വിദ്യാഭ്യാസ ആനുകൂല്യം

5660. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനു വേണ്ടിവരുന്ന തുകയെത്ര; 2011-12, 2012-13, 2013-14, 2014-15, 2015-16 വർഷത്തിൽ ഇതിനായി വകയിരുത്തിയ തുക എത്ര;

(ബി) അനുവദിച്ച തുകയിൽ വർഷം തോറും എത്ര തുക ചെലവായി; ഓരോ വർഷവും എത്രപേർക്ക് തുക വിതരണം ചെയ്തു;

(സി) പ്രസ്തുത ഇനത്തിൽ തുക ഇനിയും നൽകാനുണ്ടോ?

### കാഞ്ഞങ്ങാട് മണ്ഡലത്തിൽ മത്സ്യഗ്രാമം പദ്ധതി

5661. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും അതിന് ആകെ എത്ര തുകയാണ് ചെലവഴിച്ചിരിക്കുന്നതെന്നും പറയാമോ;

(ബി) പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾ നിർമ്മിച്ചുവെന്ന് പറയാമോ;

(സി) വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) വീടുകളുടെ അപേക്ഷ നിശ്ചിത തീയതിക്ക് നൽകാൻ കഴിയാത്ത അർഹരായവരുടെ അപേക്ഷ ഇനിയും സ്വീകരിക്കുവാനും വീട് നൽകുവാനും നടപടി സ്വീകരിക്കാമോ ?

### മത്സ്യക്ഷാമം

5662. ശ്രീ.പി.തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ
,, ജി.എസ്.ജയലാൽ
ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിന്റെ തീരപ്രദേശത്ത് മത്സ്യക്ഷാമം അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ ഇപ്പോൾ അപൂർവ്വമായെങ്കിലും തീരപ്രദേശത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന മത്സ്യയിനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

### മത്സ്യകർഷക വികസന ഏജൻസി

5663. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലും മറ്റ് ജലസ്രോതസ്സുകളിലും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച മത്സ്യകർഷക വികസന ഏജൻസിയിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്നതിനാൽ പ്രവർത്തനത്തിൽ പിന്നോക്കം പോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പ്രസ്തുത പദ്ധതിക്ക് അനുവദിച്ച സ്ഥിരം തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യ കർഷക വികസന ഏജൻസിയിൽ ഡെപ്യൂട്ടേഷൻ പോസ്റ്റുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

5664. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ തുറമുഖ / മത്സ്യ ബന്ധന വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്ത്; വ്യക്തമാക്കുമോ;

(ഡി) ഇനിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെ; വ്യക്തമാക്കുമോ;

(ഇ) നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കോളനികൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതൊക്കെ കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത

5665. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മൊത്തം കടബാദ്ധ്യത എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിഭാഗത്തിന്റെ കടാശ്വാസത്തിനായി എത്ര തുക മുൻവർഷം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) മുഴുവൻ കടാശ്വാസത്തിന് എത്ര തുക കൂടി അനുവദിക്കേണ്ടതുണ്ട്; എന്നേയ്ക്ക് ടി തുക മുഴുവൻ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് കടാശ്വാസം ലഭിക്കേണ്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും കാലതാമസം കൂടാതെ ആയത് വിതരണം ചെയ്യുന്നതിന് അടിയന്തരമായി തുക അനുവദിച്ച് നൽകുമോ എന്ന് വ്യക്തമാക്കുമോ ?

മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം

5666. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാവ്യതിയാനങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കടലിൽ വെച്ച് അപകടം പറ്റുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കടലിൽ മത്സ്യത്തൊഴിലാളികളുടെ ജീവന് സംരക്ഷണം നൽകുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മത്സ്യത്തൊഴിലാളിക്ഷേമനിധി പെൻഷൻ കുടിശ്ശിക

5667. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളിക്ഷേമനിധി പെൻഷൻ തുകയിൽ കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി

5668. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതിയിലേക്ക് ഈ വർഷം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി എത്ര തുകയാണ് ലഭ്യമാക്കാനുള്ളത് ; ഈ തുക ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിലേക്ക് മത്സ്യത്തൊഴിലാളികളുടെ വിഹിതമായി ഈ വർഷം എത്ര തുക ലഭിച്ചിട്ടുണ്ട് ;

(സി) ഈ തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

5669. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിലെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതിയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് അവരുടെ പേരും മേൽവിലാസവും ഉൾപ്പെടെ വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്കായി ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

രാജാജി നഗർ കോളനിയിലെ ജിതുവിന്റെ ആത്മഹത്യ

5670. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെറ്റിക്കേസ്സുകളിലും മറ്റും അറസ്റ്റ് ചെയ്യപ്പെടുന്നവർ പോലിസിന്റെ ക്രൂരമർദ്ദനങ്ങളേയും മറ്റുതരത്തിലുള്ള പീഡനങ്ങളേയും തുടർന്ന് ആത്മഹത്യ ചെയ്യുന്നുവെന്ന പരാതി സർക്കാർ ഗൗരവകരമായി പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇക്കഴിഞ്ഞ മെയ് മാസം 18 ന് പോലീസ് മർദ്ദനത്തെതുടർന്ന് രാജാജി നഗർ കോളനിയിലെ ജിതു എന്ന യുവാവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പോലീസിന്റെ ഭാഗത്തു നിന്നും ഇക്കാര്യത്തിലുണ്ടാകുന്ന ഗുരുതരവീഴ്ച പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പോലീസ് സേനയിലെ പ്രമോഷൻ

5671. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ എസ്.ഐ, സി.ഐ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കുമോ;

(ബി) ഡി.പി.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) ഡി.പി.സി. യോഗം കൂടുന്ന തീയതി എന്നാണെന്ന് അറിയിക്കുമോ ;

(ഡി) അടിയന്തരമായി എസ്.ഐ ,സി.ഐ പ്രമോഷൻ നടപടികൾ ആരംഭിക്കുമോ;

(ഇ) എസ്.ഐ, സി.ഐ. ലിസ്റ്റ് നിലവിലുണ്ടെങ്കിൽ അതിന്റെ സെലക്ട് ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് മാന്യമായ പരിഗണന

5672. ശ്രീ.വി.റ്റി.ബൽറാം
,, സി.പി.മുഹമ്മദ്
,, പാലോട് രവി
,, എം.പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് മാന്യമായ പരിഗണന ഉറപ്പാക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

അഴിമതി കേസ്സിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

5673. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പോലീസ് ഉദ്യോഗസ്ഥരാണ് അഴിമതി കേസ്സിൽപ്പെട്ടിട്ടുള്ളതെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ ഏതു തരത്തിലുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

(സി) പോലീസ് വകുപ്പിൽ അഴിമതി തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ?

കേസുകളിൽ പോലീസിനെ സഹായിക്കുന്നവർക്ക് പ്രോത്സാഹനവും സംരക്ഷണവും

5674. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമാദമായ പല കേസുകളിലും നിർണ്ണായകമായ വിവരങ്ങൾ നൽകി പോലീസിനെ സഹായിക്കാൻ സന്നദ്ധരാകുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്ന് പറയാമോ ; ഈ സർക്കാർ വന്നതിനുശേഷം എത്ര കേസുകളിൽ ഇത്തരം സഹായങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് പറയാമോ ?

(ബി) മയക്ക് മരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയുമെല്ലാം വ്യാപനം തടയുന്നതിനും മാൻമിസ്സിംഗ് കേസുകൾ, ആൾമാറാട്ടകേസുകൾ തുടങ്ങിയവയിലും ഇത്തരത്തിലുള്ള സഹായങ്ങൾ സ്വീകരിക്കാറുണ്ടോ ; ഇത്തരത്തിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ് സത്വര നടപടി സ്വീകരിക്കാറുണ്ടോ ?

സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി

5675. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നഗരസഭയിൽ കോറോം വില്ലേജിൽ ആഭ്യന്തര വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് യൂണിറ്റ് സ്ഥാപിക്കുന്ന നടപടികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

സി .ഐ മുതൽ ഡി. വൈ. എസ്. പി വരെയുള്ള ഒഴിവുകൾ

5676. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് സി .ഐ മുതൽ ഡി. വൈ. എസ്. പി വരെയുള്ളവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികകളുടെ ഡി .പി. സി ലിസ്റ്റ് നിലവിലുണ്ടോ ;

(സി) സി .ഐ മുതൽ ഡി. വൈ. എസ്. പി. വരെയുള്ളവരുടെ പ്രൊമോഷൻ നടപടികൾ അടിയന്തിരമായി ആരംഭിക്കുമോ;

(ഡി) സി .ഐ മുതൽ ഡി. വൈ. എസ്. പി വരെയുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>കെ.എ.പി നാലാം ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തിക</u>

5677. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി നാലാം ബറ്റാലിയനിൽ ആകെ എത്ര പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയാണുള്ളത്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ടു ചെയ്യുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

<u>എസ്.ഐ. രാജന്റെ ചികിത്സാ ചെലവ്</u>

5678. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണൽ മാഫിയയുടെ ക്രൂരമായ ആക്രമണത്തിന് വിധേയനായി ചികിത്സയിൽ കഴിയുന്ന പരിയാരം പോലീസ് സ്റ്റേഷനിലെ എസ്.ഐ. ശ്രീ രാജൻ ഇപ്പോഴും ചികിത്സയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എസ്.ഐ.യുടെ മുഴുവൻ ചികിത്സാച്ചെലവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>സിബി എന്ന യുവാവിന്റെ കസ്റ്റഡി മരണം</u>

5679. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മരങ്ങാട്ടുപള്ളിയിലെ സിബി എന്ന യുവാവിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ കളക്ടർ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാമോ?

<u>ശ്രീ.ടി.ഒ. സൂരജ്, ശ്രീ.രാഹുൽ ആർ. നായർ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണം</u>

5680. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത സ്വത്ത് സമ്പാദനത്തിന് ശ്രീ.ടി.ഒ. സൂരജ്, ഐ.എ.എസ്. നും ക്വാറി ഉടമകളിൽ നിന്നും കൈക്കൂലി വാങ്ങിയതിന് ശ്രീ.രാഹുൽ ആർ. നായർ, ഐ.പി.എസ്. നും എതിരെ വിജിലൻസ് കേസ്സെടുത്തിരുന്നോ ; ഏതെല്ലാം തീയതികളിലാണ് ഇരുവർക്കുമെതിരെ കേസ്സ് എടുത്തത് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകളുടെ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ അന്വേഷണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ?

<u>ജോസ് കെ. മാണി എം.പിയുടെ പരാതി</u>

5681. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തന്റെ പേര് പരാമർശിക്കുന്ന സരിത.എസ്.നായരുടെ കത്ത് വ്യാജമാണെന്നും ഇത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും കാട്ടി ജോസ്.കെ.മാണി എം.പി, ഡി.ജി.പി.ക്ക് പരാതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരാതിയിൽ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാം ; അന്വേഷണത്തിനുത്തരവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; കത്ത് വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>കാപ്പ ചുമത്തി ജയിലിലടയ്ക്കപ്പെട്ടവർ</u>

5682. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാപ്പ ചുമത്തി എത്ര പേരെ ജയിലിലടച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവർ ഓരോരുത്തരുടേയും പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഇതിൽ ഒരു പ്രതിയെ കാപ്പയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>കേരളാ പോലീസിനെ ആധുനിക വല്ക്കരിക്കാൻ കർമ്മപദ്ധതി</u>

5683. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിനെ ആധുനികവല്ക്കരിക്കാൻ എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

<u>സൈബർ ഡോം പദ്ധതി</u>

5684. ശ്രീ.വി.എസ്.സുനിൽ കുമാർ

,, കെ.രാജു

,, ചിറ്റയം ഗോപകുമാർ

,, മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ ഡോം പദ്ധതിയുടെ പ്രവർത്തന രീതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ പൊതുജനങ്ങളെ കൂടി പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(സി)

<u>ജില്ലാ ക്രൈം ബ്രാഞ്ചുകളുടെ പ്രവർത്തനം</u>

5685. ശ്രീ.ലൂഡി ലൂയിസ്

,, വർക്കല കഹാർ

,, പി.സി വിഷ്ണുനാഥ്

,, എം.പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ക്രൈം ബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>കുണ്ടറ പോലീസ് ശ്രീ.പി.ജി. കോശി പണിക്കർക്കെതിരെയെടുത്ത കള്ളക്കേസ്</u>

5686. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുണ്ടറ പോലീസ് സ്റ്റേഷനിൽ ശ്രീ. പി.ജി. കോശി പണിക്കർ, പുഷ്പമംഗലം ഹൗസ്, പുന്നമുക്ക്, കൊല്ലം എന്നയാളുടെ പേരിൽ ക്രൈം നമ്പർ 1317/14, 1827/14 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിരുന്നുവോ ; വിശദാംശം അറിക്കുമോ ;

(ബി) പ്രസ്തുത കേസുകൾക്ക് ആധാരമായ കാര്യങ്ങളിൽ ശ്രീ.കോശി പണിക്കർ നിരപരാധിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടും ബോധപൂർവ്വം കേസ് കെട്ടിച്ചമച്ചതാണെന്ന് കാണിച്ച് ടിയാൾ നൽകിയ പരാതി ലഭ്യമായിരുന്നോ ;

(സി) എങ്കിൽ ഈ പരാതിയിന്മേൽ ആരെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചതെന്നും, അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കുമോ ;

(ഡി) പരാതിക്കാരന്റെ പേരിൽ കള്ളക്കേസ് എടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ; വിശദാംശം അറിയിക്കുമോ ?

<u>സദാചാര ഗുണ്ടാ ആക്രമണം</u>

5687. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ സംസ്ഥാനത്ത് സദാചാര ഗുണ്ടകൾ കൊലപ്പെടുത്തിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഏതെല്ലാം കേസ്സുകളിൽ പ്രതികൾ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്;

(സി) ഏതെല്ലാം കേസ്സുകളിൽ ഗൂഢാലോചന നടന്നതായി ബന്ധുക്കൾ പരാതിപ്പെട്ടിട്ടുണ്ട്; പ്രസ്തുത കേസ്സുകളിൽ ഗൂഢാലോചന നടത്തിയവരെ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>സദാചാര ഗുണ്ടാ ആക്രമണങ്ങൾ</u>

5688. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

,, വി.ചെന്താമരാക്ഷൻ

,, കെ.വി.അബ്ദുൾ ഖാദർ

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സദാചാര സംരക്ഷണത്തിനെന്ന പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സദാചാര ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിക്കുമ്പോൾ പോലീസ് നിഷ്ക്രിയമാകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) സദാചാര ഗുണ്ടാ ആക്രമണങ്ങൾ പലതും പോലീസ് രേഖപ്പെടുത്തുകയോ കേസാക്കുകയോ ചെയ്യുന്നില്ലെന്നത് അറിവുള്ളതാണോ; പോലീസിന്റെ ശ്രദ്ധയിൽപ്പെടുന്ന കേസുകളിലധികവും ഒത്തുതീർപ്പിനപ്പുറം ശക്തമായ നടപടി ഉണ്ടാകാത്തതാണ് അക്രമികൾക്ക് ധൈര്യം പകരുന്നത് എന്നുള്ള പരാതികളിന്മേൽ നിലപാട് വ്യക്തമാക്കാമോ;

(ഡി) കൊടുങ്ങല്ലൂരിൽ സദാചാര ഗുണ്ടകൾ റോഡിൽ തടഞ്ഞ് നിർത്തി ചോദ്യം ചെയ്തതിൽ മനംനൊന്ത് പ്ലസ് വൺ വിദ്യാർത്ഥിനി തീകൊളുത്തി മരിച്ച സംഭവത്തിൽ പോലീസ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ഇ) ചാവക്കാട് സദാചാര ഗുണ്ടകൾ സവാഹീർ എന്ന യുവാവിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(എഫ്) ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ഏങ്കിൽ കണക്കുകളോടുകൂടി വിശദാംശം ലഭ്യമാക്കുമോ?

## അഴിമതി തടയാൻ പദ്ധതി

5689. ശ്രീ.ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, വർക്കല കഹാർ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി ജനപങ്കാളിത്തത്തോടെ ഇല്ലാതാക്കാനും അഴിമതിയുടെ സാധ്യതകൾ കണ്ടെത്തി തടയുവാനും ആഭ്യന്തര വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## പോലീസ് സേനയുടെ ശാക്തീകരണം

5690. ശ്രീ.സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ

,, മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) പോലീസ് സേനയിലെ ക്രിമിനലുകളെ ഒഴിവാക്കി കേരള പോലീസിനെ ഏറ്റവും മികച്ച പോലീസ് സേനയാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പോലീസിലെ സൈബർ സെല്ലിന്റെ പ്രവർത്തനം ഏറ്റവും മികച്ച നിലയിൽ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പോലീസ് സേനയിലെ വാഹനങ്ങൾ

5691. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

## പോലീസ് വകുപ്പിൽ ഉദ്യോഗക്കയറ്റം വഴി നിയമനം

5692. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അഡ്മിനിസ്ട്രേറ്റീവ് തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം വഴി നിയമനം നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ സ്റ്റേറ്റ് പോലീസ് ചീഫിന്റെ ഓഫീസിൽ നിന്നും ആഭ്യന്തര വകുപ്പിനു സമർപ്പിക്കുകയുണ്ടായോ;

(സി) എപ്പോഴാണ് പ്രസ്തുത പ്രൊപ്പോസലുകൾ ഗവൺമെന്റിനു സമർപ്പിച്ചത്;

(ഡി) പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉന്നത സ്ഥാനങ്ങളിലേയ്ക്കുള്ള ഉദ്യോഗകയറ്റത്തിന്മേലുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## പോലിസ് ഉദ്യോഗസ്ഥരുടെ വീട്, വാഹനം ആക്രമിച്ച സംഭവം

5693. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട എസ്. ഐ യായിരുന്ന ശ്രീ. ജിജോ, ടിയാന്റെ സഹോദരൻ പോലീസ് കോൺസ്റ്റബിളായ ശ്രീ. ലിജോ എന്നിവരുടെ വീട് ആക്രമിക്കുകയും, വാഹനങ്ങൾ കേടുവരുത്തുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തുന്നതിനും, പോലീസ് ഉദ്യോഗസ്ഥരായ ഇവർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

5694. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മാതൃകാ/ജനകീയ പോലീസ് സ്റ്റേഷനുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് പോലീസ് കസ്റ്റഡിയിൽ മർദ്ദനമേറ്റതായി പരാതി ലഭിച്ചതിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പോലീസിന്റെ കസ്റ്റഡി മർദ്ദനത്തിനെതിരെ എത്ര പേർക്കെതിരെ കോടതി കേസ്സെടുത്തിട്ടുണ്ടെന്നും ഉദ്യോഗസ്ഥരുടെ പേരും, ഉദ്യോഗപ്പേരും സഹിതം വ്യക്തമാക്കാമോ ?

സൈബർ കുറ്റകൃത്യങ്ങൾ

5695. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ, സോഷ്യൽ മീഡിയ വഴിയുള്ള അഭിപ്രായ സ്വാതന്ത്ര്യം നിയന്ത്രിക്കുന്നതിന് പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ആലപ്പുഴ ശ്രീ.എ.സുനിൽരാജിനെ ഡി.പി.സി ലിസ്റ്റിൽ ഉൾപ്പെടുത്തൽ

5696. ശ്രീ.എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എച്ച്.എച്ച്.ഡബ്ല്യ -1, സി.ബി.സി.ഐ.ഡി - ൽ എസ്.ഐ ആയ ശ്രീ എ. സുനിൽ രാജിനെ ഡി.പി.സി ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ശ്രീ.എ. സുനിൽരാജിനെതിരെ വിജിലൻസ് കേസ്സോ, വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടികളോ നിലവിലുണ്ടോ;

(സി) ടിയാനെതിരെയുള്ള കേസ്സുകളിൽ വിചാരണ ആരംഭിച്ചിട്ടുണ്ടോ;

സിവിൽ പോലീസ് ഓഫീസറുടെ കരയോഗ ഭാരവാഹിത്വം അവസാനിപ്പിക്കാൻ നടപടി

5697. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയും തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറുമായ ശ്രീ. ജി.ആർ.അജിത് (CPO 4324) തിരുവനന്തപുരം കവടിയാർ 27493-ാം നമ്പർ കരയോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി തന്റെ അന്വേഷണത്തിൽ ശ്രീ. ജി.ആർ അജിത്തിന്റെ പ്രവൃത്തി ഗുരുതരമായ കൃത്യവിലോപവും തികഞ്ഞ അച്ചടക്കലംഘനവും ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ; 2015 മാർച്ച് 21-ാം തീയതിയിലെ ഉത്തരവ് നമ്പർ എച്ച്2/22150/2015/ റ്റി.ഡി യുടെ പകർപ്പ് നൽകാമോ;

(സി) തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ 24/4/2015 ലെ എച്ച്2/22150/2015/ റ്റി.ഡി . ഉത്തരവ് പ്രകാരം ശ്രീ. ജി.ആർ അജിത്തിനോട് അടിയന്തരമായി കരയോഗം സെക്രട്ടറി സ്ഥാനം രാജി വെക്കാൻ ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ;

(ഡി) ശ്രീ. ജി.ആർ അജിത് ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പാലിച്ചിട്ടില്ലെങ്കിൽ അദ്ദേഹത്തിനെതിരെ കടുത്ത അച്ചടക്കലംഘനത്തിന് നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഇ) ശ്രീ. ജി.ആർ അജിത്തിനെതിരെ മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

തിരൂർ കൈനിക്കര എ.എം.എൻ.പി. സ്കൂളിലെ കുട്ടികളുടെ പാഠപുസ്തകം കത്തിച്ച സംഭവം

5698. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ തിരൂർ കൈനിക്കര എ. എം. എൻ. പി. സ്കൂളിൽ എസ്.എഫ്.ഐ. വിദ്യാർത്ഥി സംഘടന കുട്ടികൾക്ക് പഠിക്കാനായി സർക്കാരിന്റെ വെബ്ബ് സൈറ്റിൽ നിന്നും ഡൗൺലോഡ് പ്രിന്റ് എടുത്ത് നൽകിയ പാഠപുസ്തകം കത്തിച്ച സംഭവം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പോലീസ് കേസെടുത്തിട്ടുണ്ടോ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

നഴ്സിംഗ് നിയമന തട്ടിപ്പ്

5699. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുവൈത്തിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്ത് തട്ടിപ്പ് നടത്തിയ അൽശഫ ട്രാവൽ ആൻഡ് മാൻ പവർ കൺസൾട്ടൺസി എന്ന സ്ഥാപനം അമിത തുക ഈടാക്കുന്നത് സംബന്ധിച്ച് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ നിന്നും പോലീസിന് പരാതി ലഭിച്ചിരുന്നോ;

(ബി) എത്ര പരാതി ലഭിച്ചുവെന്നും ഇത് സംബന്ധിച്ച് ആദ്യ പരാതി ലഭിച്ചത് എന്നാണെന്നും അറിയിക്കുമോ; ഈ പരാതികളിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം?

അരൂരിൽ ഫയർ സ്റ്റേഷൻ

5700. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സ്റ്റേഷൻ നിന്നിരുന്ന സ്ഥലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വ്യവസായ- ആഭ്യന്തര മന്ത്രിമാരുടെയും സ്ഥലം എം.എൽ.എ.യുടെയും വകുപ്പുതലവൻമാരുടെയും യോഗം തീരുമാനിച്ചിരുന്നോ ;

(ബി) അത് പ്രകാരം എന്തെല്ലാം നടപടികളാണ് ഫയർ & റെസ്ക്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നിലവിൽ അരൂർ പോലീസ് സ്റ്റേഷൻ ചന്തിരൂരിലേക്ക് മാറ്റിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അസോസിയേഷൻ നിർമ്മിച്ചു നൽകാമെന്ന് തീരുമാനിച്ചിട്ടുള്ള പ്രസ്തുത ഫയർ സ്റ്റേഷന് ഫർണിച്ചർ, വാഹനങ്ങൾ, സ്റ്റാഫ്, മറ്റ് സൗകര്യങ്ങൾ തുടങ്ങിയവ എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ?

ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ സാന്ത്വന പരിചരണം

5701. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് സ്റ്റേഷനുകളുടെ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സമൂഹത്തിലെ പരിചരണം ആവശ്യമായി വരുന്നവർക്ക് സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ) ഉൾപ്പെടെയുള്ള മേഖലകളിൽ ഇടപെടുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ;

(സി) സമൂഹത്തെ ബാധിക്കുന്ന മദ്യ-മയക്കുമരുന്നുപയോഗത്തിനെതിരെ ബോധവൽക്കരണമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ജനമൈത്രി പോലീസ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ?

സൂപ്പർ ന്യൂമററി മിനിസ്റ്റീരിയൽ ജീവനക്കാർ

5702. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമന ലിസ്റ്റിൽ നിന്നും ഈ സർക്കാർ സൂപ്പർ ന്യൂമററി വിഭാഗത്തിൽപ്പെടുത്തി പോലീസിൽ എത്ര മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിച്ചിരുന്നു;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുത്തി മേൽ ജീവനക്കാർക്ക് നിയമനം നൽകിയത് എന്നാണ്;

(സി) പ്രസ്തുത ജീവനക്കാരുടെ നിയമനത്തിനുള്ള തസ്തികകൾ സൃഷ്ടിച്ചു നൽകാത്തതിനാൽ അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ട്രൈബൽ കിക്ക് റിയാക്ഷൻ ടീം

5703. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ട്രൈബൽ കിക്ക് റിയാക്ഷൻ ടീം ഏതു ജില്ലകളിലാണ് രൂപീകരിച്ചത്;

(ബി) ഓരോ ജില്ലയിലും ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ഈ ടീമിനെ അറ്റാച്ച് ചെയ്തിട്ടുള്ളത്;

(സി) ഓരോ സ്റ്റേഷനിലെയും ടീമുകളിൽ എത്ര സേനാംഗങ്ങളാണ് ഉണ്ടാവുക; വ്യകതമാക്കുമോ;

(ഡി) എന്തെല്ലാം ആധുനിക ഉപകരണങ്ങളാണ് ഇവർക്ക് ലഭ്യമാക്കിയിട്ടുള്ളത്?

നടക്കാവ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട സംഭവം

5704. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കവർച്ച കേസുകളിൽ പ്രതിയായവർ

5705. ശ്രീ.റ്റി.വി.രാജേഷ്
,, രാജു എബ്രഹാം
,, എസ്.രാജേന്ദ്രൻ
,, കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഷണം, കവർച്ച, പിടിച്ചുപറി തുടങ്ങിയ ക്രിമിനൽ പ്രവർത്തനങ്ങൾ സജീവമായിരിക്കുന്നതായി അറിയാമോ;

(ബി) ഈയടുത്ത് കണ്ണൂരിൽ നടന്ന കവർച്ച കേസുകളിൽ പ്രതികളായവരിൽ ആർ.എസ്.എസ്. പ്രവർത്തകരും പ്രാദേശിക നേതാക്കളും ഉൾപ്പെട്ടിട്ടുള്ളതായി അറിയാമോ;

(സി) തലശ്ശേരി കവർച്ച കേസ്സിലെ പ്രതികളിൽ ആർ.എസ്.എസുകാർ എത്രയാണ്; ആരൊക്കെ;

(ഡി) കവർച്ച കേസിൽ റിമാന്റിലായ പ്രതികളെ പോലീസ് കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്യുകയുണ്ടായോ;

(ഇ) കവർച്ച പിടിച്ചുപറി തുടങ്ങിയ കേസ്സുകളിലെ പ്രതികൾക്ക് ആർ.എസ്.എസ്. സംരക്ഷണം നൽകി വരുന്നതായി അറിയാമോ; ഇത്തരം കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷിക്കുമോ?

കായംകുളം സ്കൂളുകൾ കേന്ദ്രമാക്കി കഞ്ചാവ്-മയക്കുമരുന്ന് ലോബികൾ

5706. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിലെ വിവിധ സ്കൂളുകൾ കേന്ദ്രമാക്കി കഞ്ചാവ്-മയക്കുമരുന്ന് ലോബികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, പ്രസ്തുത വിഷയം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ടെന്നും

വിശദമാക്കാമോ ?

<u>സോഷ്യൽ മീഡിയകളിലൂടെ പരാതി സ്വീകരിക്കുന്ന സംവിധാനം</u>

5707. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ മീഡിയകളിലൂടെ പരാതി സ്വീകരിക്കുന്ന സംവിധാനം വിപുലീകരിക്കാനും കൂടുതൽ ജനകീയമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വാട്സ് അപ്പ് തുടങ്ങിയ സോഷ്യൽ മീഡിയകൾ വഴി എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര എണ്ണം ഗതാഗത നിയമലംഘനത്തിനാണെന്നും അതിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(സി) ഇത്തരം പരാതികൾ പരിശോധിക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുമോ?

<u>പൂക്കാട് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി</u>

5708. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ പൂക്കാട് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിലെ 26237/ഇ1/2014 നമ്പർ ഫയലിലെ തുടർ നടപടികൾ വിശദമാക്കാമോ ;

(ബി) പോലീസ് മേധാവി പ്രസ്തുത വിഷയത്തിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കാമോ ; പകർപ്പ് ലഭ്യമാക്കാമോ ?

<u>പാറ്റൂർ ഭൂമി ഇടപാട്</u>

5709. **ശ്രീ.പി.കെ.ഗുരുദാസൻ**

**,,** ബി.സത്യൻ

**,,** വി.ശിവൻകുട്ടി

**ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂർ ഭൂമി കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അന്വഷണം ആരാണ് നടത്തുന്നത്;

(ബി) ജല അതോറിറ്റി വക സർക്കാർ ഭൂമി സ്വകാര്യ കമ്പനിക്ക് കൈവശപ്പെടുത്താനും, സാമ്പത്തിക ലാഭമുണ്ടാക്കാനും ഉന്നതർ അവിഹിത ഇടപാടുകളും അധികാര ദുർവിനിയോഗവും നടത്തിയതായും അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ;

(സി) ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തിക്കൊണ്ട്, അധികാരം ദുർവിനിയോഗിച്ച്, ഖജനാവിന് നഷ്ടം വരുത്തിയ കുറ്റങ്ങൾ ഏതെല്ലാം ഉന്നതരാണ് നടത്തിയിട്ടുള്ളത്;

(ഡി) ജല അതോറിറ്റിയുടെ കീഴിലെ സ്വീവേജ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ ചീഫ് സെക്രട്ടറി ഇടപെടുകയുണ്ടായിട്ടുണ്ടോ;

(ഇ) വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി അനധികൃത ഇടപെടലുകൾ സംബന്ധിച്ചും അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ?

<u>കടകംപള്ളി ഭൂമി തട്ടിപ്പ് കേസിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം</u>

5710. **ശ്രീ.കെ.രാധാകൃഷ്ണൻ**

**,,** ബി.സത്യൻ

**,,** ബാബു എം. പാലിശ്ശേരി

**,,** വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകംപള്ളിയിലെ ഭൂമി തട്ടിപ്പ് കേസിൽ ശ്രീ.സലീംരാജിന് സഹായകരമായി അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയത്തിൽ ജില്ലാ കളക്ടർ നൽകിയ വസ്തുതാ വിവരണ റിപ്പോർട്ട് അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയപ്പോൾ ; പരിഗണിക്കുകയുണ്ടായോ ;

(സി) ഇല്ലെങ്കിൽ തെറ്റായ നിയമോപദേശം നൽകിയ അഡ്വക്കേറ്റ് ജനറലിനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ ; വിശദമാക്കാമോ?

<u>ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ</u>

5711. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് പോലീസ് ഡ്രൈവർ തസ്തികയിൽനിയമനം നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ജാതീയതയും മതവർഗ്ഗീയതയും വർദ്ധിച്ചുവരുന്ന പ്രവണത തടയാൻ നടപടി</u>

5712. **ശ്രീ.എം.എ.ബേബി**

**,,** പുരുഷൻ കടലുണ്ടി

ഡോ.ടി.എം.തോമസ് ഐസക്

**ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ഭക്തിയെയും വിശ്വാസത്തെയും രാഷ്ട്രീയ നേട്ടത്തിനായി ദുരുപയോഗപ്പെടുത്തുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി ആർ.എസ്.എസ് സംസ്ഥാനത്ത് നടത്തിവരുന്ന ശ്രമങ്ങളും ആസൂത്രണങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ;

(സി) ജാതീയതയും മതവർഗ്ഗീയതയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുനരുജ്ജീവിപ്പിക്കപ്പെടാതിരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ ?

കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്

5713. ശ്രീ.ബാബു എം. പാലിശ്ശേരി
,, സാജു പോൾ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പ് കേസുകളിൽ മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ സലിംരാജ് ഉൾപ്പെടെ പത്തുപേരെ സി.ബി.ഐ. അറസ്റ്റ് ചെയ്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കടകംപള്ളി വില്ലേജിലെ 44.5 ഏക്കർ ഭൂമി ഔദ്യോഗിക പദവി ഉപയോഗപ്പെടുത്തി വ്യാജരേഖയുണ്ടാക്കി തട്ടിയെടുത്തത് സംബന്ധിച്ച പോലീസ്, വിജിലൻസ് അന്വേഷണങ്ങൾ ഫലപ്രദമായിരുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സലിംരാജ് വഴിയുള്ള ഉന്നത ബന്ധങ്ങളാണിതിന് തടസ്സമായി ഭവിച്ചിട്ടുണ്ടായിരുന്നതെന്ന സി.ബി.ഐ. യുടെ ഇപ്പോഴത്തെ നിരീക്ഷണം പരിശോധിക്കുമോ ;

(ഡി) ഭൂമി തട്ടിപ്പ് കേസുകളിലെ പോലീസിന്റെയും വിജിലൻസിന്റെയും അന്വേഷണ നിഗമനങ്ങൾ എന്തായിരുന്നു ; തട്ടിപ്പ് നടത്തുന്നതിന് കൂട്ടുനിന്നവർക്കെതിരെ വിജിലൻസ് ശിപാർശ എന്തായിരുന്നു ?

ഓപ്പറേഷൻ കുബേര

5714. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര പ്രകാരം എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി മാസംതോറും വിലയിരുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ?

ഓപ്പറേഷൻ സുരക്ഷ

5715. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ സുരക്ഷ പ്രകാരം ഇതുവരെ എത്രപേരെ അറസ്റ്റുചെയ്തിട്ടുണ്ട് ;

(ബി) ആലപ്പുഴ ജില്ലയിൽ ഇതുപ്രകാരം ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ അപകട മരണങ്ങൾ

5716. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കൊയിലാണ്ടി,പയ്യോളി പോലീസ് സ്റ്റേഷനുകളിൽ 1-1-2013 മുതൽ നാളിതുവരെ എത്രപേർ വാഹന അപകടങ്ങൾ മൂലവും ട്രെയിൻ തട്ടിയും മറ്റ് അപകടങ്ങളിലും മരണപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; മരണപ്പെട്ടവരുടെ പേര്, വിലാസം, മരണപ്പെട്ട ദിവസം, മരണ വിവരം പോലീസ് സ്റ്റേഷനിൽ രേഖപ്പെടുത്തിയ തീയതി, അപകടത്തിന്റെ ചുരുക്ക വിവരം എന്നിവ വിശദമാക്കാമോ?

സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം

5717. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ് അതോറിറ്റി പ്രവർത്തനം ആരംഭിച്ചശേഷം ഇതുവരെ പോലീസിനെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വർഷം , ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പരാതികൾ തീർപ്പാക്കുന്നതിന് അതോറിറ്റി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര പരാതികൾ ഇതുവരെ തീർപ്പാക്കിയിട്ടുണ്ട് ; വർഷം, ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) തീർപ്പാക്കിയ കേസ്സുകളിൽ അതോറിറ്റിയുടെ ശിപാർശകളെ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; അതുപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചു; നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

മനുഷ്യാവകാശ കമ്മീഷന് ലഭിച്ച പരാതികൾ

5718. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പോലീസിൻെറ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ മനുഷ്യവകാശ കമ്മീഷന് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(ബി) ഈ പരാതികളിന്മേൽ എത്ര കേസ്സുകളിൽ മനുഷ്യാവകാശ ലംഘനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്; വർഷം, ജില്ല എന്നിവ തിരിച്ചുള്ള

കണക്ക് വിശദമാക്കുമോ;

(സി) മനുഷ്യാവകാശ ലംഘനങ്ങൾ കണ്ടെത്തിയ കേസ്സുകളിൽ എല്ലാം കമ്മീഷൻ നടപടികൾ ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ കമ്മീഷൻ നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിലെ ധനകാര്യ സ്ഥാപനങ്ങളിലെ റെയ്ഡ്

5719. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മണിലെൻഡേഴ്സ് ആക്ട് പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര ധനകാര്യ സ്ഥാപനങ്ങൾക്കാണ് ലൈസൻസ് ലഭിച്ചിട്ടുള്ളത് ;

(ബി) കാസർഗോഡ് ജില്ലയിൽ ഓപ്പറേഷൻ കുബേര പദ്ധതി പ്രകാരം എത്ര അനധികൃത സ്ഥാപനങ്ങളിലാണ് റെയ്ഡ് നടത്തിയിട്ടുള്ളതെന്നും അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര കേസുകളാണ് പ്രസ്തുത റെയ്ഡ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്?

കാസർഗോഡ് ജില്ലയിലെ കമ്മ്യൂണൽ കേസ്സുകൾ

5720. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെകാലത്ത് കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കമ്മ്യൂണൽ കേസ്സുകളിൽ എത്ര എണ്ണം പിൻവലിക്കുകയോ പിൻവലിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത കേസ്സുകളുടെ ഇപ്പോഴത്തെ നില വ്യക്തമാക്കാമോ; ഇതിൽ എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ആധുനികവത്ക്കരണം

5721. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ നടപ്പിലാക്കിയ ആധുനിക സമ്പ്രദായങ്ങളും പരിശീലനങ്ങളും എന്തെല്ലാമാണെന്ന് പറയാമോ ; ഇതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യയോ ഉപകരണങ്ങളോ വാങ്ങിയിട്ടുണ്ടോ എന്ന് പറയാമോ ?

(ബി) സ്ഥിരം കുറ്റവാളികളും പരിശീലനം ലഭിച്ച കുറ്റവാളികളും അല്ലാതെ അബദ്ധത്തിലും യാദൃശ്ചികമായും കുറ്റം ചെയ്യുന്ന ഭൂരിഭാഗം ആളുകളെയും വളരെ ചെറിയ മനശാസ്ത്രപരമായ സമീപനങ്ങളിലൂടെ തിരിച്ചറിയാനും കുറ്റം തെളിയിക്കാനും സാധ്യതകളുണ്ടായിട്ടും അത്തരം കുറ്റവാളികളെ ശാരീരികമായ ക്രൂര മർദ്ദനത്തിന് വിധേയമാക്കുകയും അവരുടെ കുടുംബാംഗങ്ങളെ തന്നെ മാനസിക പീഢനത്തിന് വിധേയമാക്കേണ്ടി വരികയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) പോലീസ് ജനങ്ങളുടെ സുഹൃത്ത് എന്ന മുദ്രാവാക്യം അന്വർത്ഥമാക്കുവാൻ പുതിയ പരിശീലനങ്ങളിലൂടെയും സമ്പ്രദായങ്ങളിലൂടെയും എത്രമാത്രം കഴിഞ്ഞു എന്ന് പറയാമോ ?

പട്ടികജാതി, പട്ടികവർഗ്ഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങൾ

5722. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി, പട്ടികവർഗ്ഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങളുടെ പേരിൽ എത്ര പരാതികൾ ലഭിച്ചു ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ അറസ്റ്റ് ചെയ്തു ; പട്ടികജാതി, പട്ടികവർഗ്ഗം, വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഈ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ കൊല്ലപ്പെടുകയുണ്ടായി; പട്ടികജാതി, പട്ടികവർഗ്ഗം, വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടിട്ടുണ്ട്; വിശദാംശം നല്കുമോ;

(ഡി) ഈ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേരെ വിവിധ കുറ്റങ്ങൾക്ക് പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്; വിട്ടയച്ചശേഷം ഇതിൽ എത്ര പേർ പിന്നീട് ആത്മഹത്യ ചെയ്യുകയോ ആശുപത്രിയിൽ മരിക്കുകയോ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ;

(ഇ) ഈ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള അതിക്രമത്തിന്റെ പേരിൽ എത്ര പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

5723. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ സ്കൂളുകൾ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് പുതുതായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ നൽകിയിട്ടുള്ളത്; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

5724. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ ആണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്. പി. സി) നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പോലീസും ജനങ്ങളും തമ്മിൽ സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സഹായകരമായ എസ്. പി. സി പദ്ധതി ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിലും ഏർപ്പെടുത്തുമോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) എസ്. പി. സി. പദ്ധതി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ചെയ്തു കൊടുക്കുന്നതെന്ന് വിശദീകരിക്കാമോ ?

<u>ദേശമംഗലത്ത് പോലീസ് സ്റ്റേഷൻ</u>

5725. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ദേശമംഗലം ആസ്ഥാനമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ ഇവിടെ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>പിൻവലിച്ച കേസുകൾ</u>

5726. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ പിൻവലിച്ച കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>സർക്കാർ സർവ്വീസിലെ അഴിമതിയുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

5727. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സർക്കാർ സർവ്വീസിലെ അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റപത്രം നൽകാൻ സാധിച്ചിട്ടുണ്ട് ; വിശദാംശം അറിയിക്കാമോ ;

(സി) ഇത്തരം കേസ്സുകൾ അനുദിനം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>കുട്ടികളുടെ കുറ്റകൃത്യങ്ങൾ</u>

5728. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ഏതെല്ലാം സ്വഭാവത്തിലുള്ളതാണ് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കുറ്റകൃത്യങ്ങളിൽപ്പെടുന്ന കുട്ടികളുടെ പേര്, മേൽവിലാസം, ഫോട്ടോ എന്നിവ വെളിപ്പെടുത്തുന്നത് ബാലനീതി നിയമ പ്രകാരം കുറ്റകരമായിരിക്കെ മരങ്ങാട്ടുപള്ളി പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട സിബിയുടെ കേസുമായി ബന്ധപ്പെട്ട് പോലീസ് പ്രതിചേർത്ത കുട്ടിയുടെ പേര് പരസ്യപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് ബാലനീതി നിയമ പ്രകാരം കേസ് എടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>വെറ്റിലപ്പാറ ഹയർ സെക്കന്ററി സ്കൂളിൽ എസ്.പി.സി. പദ്ധതി</u>

5729. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എസ്.പി.സി. പദ്ധതി അനുവദിക്കുന്നതിനായി ബഹു. ആഭ്യന്തര വകുപ്പുമന്ത്രി വാക്കാൽ നൽകിയ ഉറപ്പുപ്രകാരം തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം</u>

5730. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷന്റെ ജീവനക്കാരുടെ അംഗബലം എത്ര; നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു; എത്ര ഒഴിവുകൾ നിലവിലുണ്ട്; നിലവിലുള്ള ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഷന്റെ ഉപയോഗത്തിനായി ഇന്റർസെപ്റ്റർ ബോട്ടുകൾ നൽകിയിട്ടുണ്ടോ; എത്ര ബോട്ടുകളാണ് നൽകിയിട്ടുള്ളത്; അവ ഓരോന്നിന്റെയും വില എത്രയെന്നും അറിയിക്കുമോ;

(ഡി) ഇന്റർ സെപ്റ്റർ ബോട്ട് ഉപയോഗിക്കാൻ പരിശീലനം ലഭിച്ചവർ സ്റ്റേഷനിൽ ഉണ്ടോ; എത്ര പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും തസ്തികയിൽ ദിവസവേതനക്കാർ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ഏതെല്ലാം

തസ്തികയിൽ ; അവരുടെ ദിവസ വേതനം എത്ര; ദിവസ വേതനത്തിന് ആളുകളെ റിക്രൂട്ട് ചെയ്യുന്നതിന്റെ മാനദണ്ഡമെന്താണ്; വ്യക്തമാക്കാമോ?

ആതിരപ്പിള്ളി പോലീസ് സ്റ്റേഷനിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നൽകിയ പരാതിയിലെ അന്വേഷണം

5731. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അനുവദിച്ച ടാർ കൊണ്ടുപോകവേ, വെറ്റിലപ്പാറ സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റിൽ പിടികൂടുകയും ഫൈൻ ഈടാക്കുകയും ചെയ്ത സംഭവത്തിനെതിരെ ജില്ലാ പഞ്ചായത്ത് 2014 മാർച്ചിൽ ആതിരപ്പിള്ളി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എടുത്ത കേസ്സിൽ അന്വേഷണം പൂർത്തിയാക്കുകയോ പ്രതികളെ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

അസിസ്റ്റന്റ് കമാൻഡന്റ് നിയമനം

5732. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യ റിസർവ് ബറ്റാലിയൻ കമാൻഡോ വിംഗിൽ ആരെയാണ് അസിസ്റ്റന്റ് കമാൻഡന്റ് ആയി നിയമിച്ചത് എന്നറിയിക്കാമോ;

(ബി) ഈ തസ്തികയിൽ നിയമിതനാകുന്നതിന് മുമ്പ് ടിയാൻ ഏതെല്ലാം കമാൻഡോ കോഴ്സുകൾ പാസ്സായിട്ടുണ്ട്; ഏതെല്ലാം കമാൻഡോ / ജംഗിൾ ട്രെയിനിംഗ് നടത്തിയിട്ടുണ്ട്; ടിയാന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എന്താണ്;

(സി) ടി യാനെ അസിസ്റ്റന്റ് കമാൻഡന്റ് ആയി നിയമിക്കുന്നതിന് മുമ്പുതന്നെ കേരള പോലീസിൽ എൻ.എസ്.ജി. കമാൻഡോ കോഴ്സ് പൂർത്തിയാക്കിയവർ ഉണ്ടായിരുന്നോ; എത്ര പേർ; അവർക്കില്ലാതിരുന്ന എന്ത് അധിക യോഗ്യതയുടെ അടിസ്ഥാനത്തിലാണ് സി.ആർ.പി.എഫ്-ൽ നിന്ന് ടിയാനെ ഈ തസ്തികയിലേക്ക് നിയമിച്ചത്;

(ഡി) കേരളാ പോലീസിൽ ടി യാന്റെ സീനിയോറിറ്റി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏതടിസ്ഥാനത്തിലാണ്; വിശദമാക്കാമോ?

അസിസ്റ്റന്റ് ജിയോളജിസ്റ്റിനെ സബ് ഇൻസ്പെക്ടർ കയ്യേറ്റം ചെയ്തു

5733. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി ധാതു കടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്ന ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ട മൈനിംഗ് & ജിയോളജി വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റിനെ 4-02-2015-ൽ മണ്ണന്തല സബ് ഇൻസ്പെക്ടർ കയ്യേറ്റം ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ജിയോളജിസ്റ്റ് സർക്കാരിലും , തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്കും നൽകിയ പരാതിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പരാതിയുമായി ബന്ധപ്പെട്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് വകുപ്പുമേധാവിയും, ആഭ്യന്തര സെക്രട്ടറിയും നൽകിയ കത്തിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

കോഴിക്കോട് എയർപോർട്ടിലെ വെടിവയ്പ്പ്

5734. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എയർപോർട്ട് വെടിവയ്പ്പുമായി ബന്ധപ്പെട്ട പൊതുമുതൽ നശിപ്പിച്ച കേസിൽ പ്രതികൾക്ക് ജാമ്യം ലഭിക്കുന്നതിന് പണം കെട്ടിവെച്ചിട്ടുണ്ടോ ;

(ബി) ജാമ്യ അപേക്ഷ പരിഗണിക്കുമ്പോൾ എന്ത് നിലപാടാണ് സ്വീകരിച്ചത് ?

കമ്മ്യൂണിറ്റി സേഫ്റ്റി സ്ക്വാഡ്

5735. ശ്രീ.ലൂഡി ലൂയിസ്

,, കെ.ശിവദാസൻ നായർ

,, ബെന്നി ബെഹനാൻ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി സേഫ്റ്റി സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നിയമവിരുദ്ധമായ ഓവർടേക്കിംഗും അനധികൃത പാർക്കിംഗും

5736. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം റോഡുകളിൽ ഇടതുവശത്തുകൂടിയുള്ള ഓവർടേക്കിംഗ് അനുവദിച്ചിട്ടുണ്ട് എന്ന് പറയാമോ ; ഇടതുഭാഗത്തുകൂടി ഓവർടേക്കിംഗ് അനുവദിക്കാത്ത റോഡുകളിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഈ സാഹചര്യത്തിൽ ഉണ്ടായ അപകടങ്ങളുടെ എണ്ണം എത്രയാണെന്ന് പറയാമോ ;

(ബി) അനുവാദമില്ലാത്തയിടങ്ങളിൽ റോഡിൽ ഇടതുവശത്തുകൂടി ഓവർടേക്ക് ചെയ്യുന്നതുമൂലം അപകടങ്ങളുണ്ടാകുന്ന സംഭവങ്ങൾ ഹൈവേകളിലും

പ്രധാന റോഡുകളിലും തിരക്കേറിയ മറ്റ് റോഡുകളിലും ആവർത്തിക്കുന്നതിനാൽ പ്രസ്തുത പ്രവണത അവസാനിപ്പിക്കാനും അപകടങ്ങൾ ഒഴിവാക്കാനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ ;

(സി) വാഹനം ഒരു റോഡിൽ നിന്നും മറ്റൊരു റോഡിലേക്ക് പ്രവേശിക്കുമ്പോൾ, ഡ്രൈവറുടെ കാഴ്ച മറയ്ക്കുന്ന വിധത്തിൽ ജംഗ്ഷനുകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ഒട്ടേറെ അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാൻ പ്രസ്തുത സ്ഥലങ്ങളിൽ വാഹനം പാർക്ക് ചെയ്യുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>പന്തീരങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

5737. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പന്തീരങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>സേതുലക്ഷ്മിയുടെ മകൻ ജിൻസിന്റെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട കേസ്</u>

5738. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പോങ്ങനാട്, കിളിക്കോട്ടുകോണം ജിൻസി നിവാസിൽ രാജേന്ദ്രന്റെ ഭാര്യ സേതുലക്ഷ്മി തന്റെ മകൻ ജിൻസ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് കിളിമാനൂർ പോലീസ് സ്റ്റേഷനിൽ 1185/2013-ാം നമ്പരായി എടുത്ത കേസിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇന്ത്യൻ ശിക്ഷാ നിയമം 304 വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യം ഈ കേസിൽ നടന്നിട്ടുണ്ടെന്ന് ഏതു തരത്തിലുള്ള അന്വേഷണത്തിലാണ് ബോധ്യപ്പെട്ടത്;

(സി) ഈ കേസുമായി ബന്ധപ്പെട്ട് എത്ര സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഏതൊക്കെ പ്രതികളെ തിരിച്ചറിഞ്ഞതായി ബഹു.കോടതിയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഇ) പരാതിക്കാരി സേതുലക്ഷ്മി തന്റെ പരാതിയിൽ സംശയമുള്ളവരായി പറഞ്ഞിട്ടുള്ള ആളുകളെ ചോദ്യം ചെയ്യുകയോ മൊഴി രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ;

(എഫ്) നാളിതുവരെ ഏതൊക്കെ തരത്തിലുള്ള അന്വേഷണമാണ് പ്രസ്തുത കേസിൽ സ്വീകരിച്ചിട്ടുള്ളത്;

(ജി) ഈ കേസിന്റെ അന്വേഷണം വേറെ ഏജൻസിക്ക് വിടാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

<u>വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ & റസ്ക്യൂ സ്റ്റേഷൻ</u>

5739. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിലെ പ്രദേശങ്ങൾക്ക് സൗകര്യപ്രദമായി വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ & റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ജാമ്യവ്യവസ്ഥയിൽ നാടുകടത്തപ്പെട്ടവർ</u>

5740. ശ്രീ.ഇ.പി.ജയരാജൻ
,, റ്റി.വി.രാജേഷ്
,, എളമരം കരീം
,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസുകളിൽപ്പെട്ട് ജാമ്യവ്യവസ്ഥയനുസരിച്ച് നാടുകടത്തപ്പെട്ടവർക്ക്, താമസിക്കാൻ വേണ്ടി വരുന്ന ചെലവ് സർക്കാർ നൽകുന്നുണ്ടോ;

(ബി) രാഷ്ട്രീയ പ്രേരിതമായും മറ്റും കേസുകളിൽ പ്രതിചേർക്കപ്പെട്ട്, മാസങ്ങളോളം നിരപരാധികൾപോലും നാടുകടത്തപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വന്തം ജില്ലയിൽ പ്രവേശിക്കരുതെന്ന ജാമ്യവ്യവസ്ഥയിൽ നാടുകടത്തപ്പെട്ടവർ സംസ്ഥാനത്തുള്ളതായി അറിയാമോ; ഇവർക്കെല്ലാം താമസിക്കാനും ജീവിക്കാനും ആവശ്യമായ സഹായം പോലീസ് നൽകിവരുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ജാമ്യവ്യവസ്ഥയിൽ നാടുകടത്തപ്പെടുന്നവർക്ക് താമസിക്കാനുള്ള വീടും ചെലവും പോലീസ് നൽകേണ്ടതാണെന്ന സുപ്രീംകോടതിയുടെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ നാടുകടത്തപ്പെട്ടവരുടെ കാര്യത്തിൽ സ്വീകരിച്ച നിലപാട് വെളിപ്പെടുത്താമോ?

<u>മയക്കുമരുന്നുകളുടെ വ്യാപനം തടയാൻ പദ്ധതി</u>

5741. ശ്രീ.വി.ഡി.സതീശൻ
,, ബെന്നി ബെഹനാൻ
,, ഐ.സി.ബാലകൃഷ്ണൻ
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്?

<u>കാർഷികാവശ്യത്തിനുള്ള ആയുധ ലൈസൻസ്</u>

5742. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിനുള്ള ആയുധ ലൈസൻസ് പുതുക്കുന്നതിനും പുതിയവ ലഭ്യമാക്കുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) വന്യമൃഗങ്ങളുടെ ശല്യം വർദ്ധിച്ചിട്ടുള്ള ഇക്കാലത്ത് കർഷകർക്ക് ആയുധ ലൈസൻസ് പുതുക്കി കിട്ടുന്നതിനും പുതിയവ ലഭിക്കുന്നതിനുമുള്ള നടപടികൾ ലഘൂകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>മാഫിയകൾക്കെതിരെയുള്ള നടപടികൾ</u>

5743. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, കെ.എസ്.ശബരീനാഥൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഫിയകൾക്കെതിരെയുള്ള നടപടികൾക്കായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>കമ്പനികൾക്കെതിരെയുള്ള കേസ്സുകൾ</u>

5744. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാനത്ത് ഏതെല്ലാം കമ്പനികൾക്കെതിരെ തട്ടിപ്പിനും വഞ്ചനയ്ക്കും കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ 1956 ലെ കമ്പനികാര്യ നിയമമനുസരിച്ച് കേന്ദ്ര കമ്പനി കാര്യ മന്ത്രാലയത്തിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) ഈ സ്ഥാപനങ്ങൾക്കെതിരെയുള്ള കേസ്സുകൾ സംസ്ഥാന ആഭ്യന്തര വകുപ്പ് കേന്ദ്ര കമ്പനികാര്യ വകുപ്പിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

(ഡി) ഇവയിൽ ഏതെങ്കിലും കമ്പനിക്കെതിരെയുള്ള കേസ്സുകൾ സംബന്ധിച്ച് കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തെ അറയിക്കാത്തതായിട്ടുണ്ടോ;

(ഇ) എങ്കിൽ ഏത് കമ്പനിയെന്നും ഇതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ?

<u>അന്യസംസ്ഥാനത്തൊഴിലാളികളുടെ വിവരശേഖരണം</u>

5745. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേയ്ക്ക് വരുന്ന അന്യസംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ച് മതിയായ വിവരങ്ങൾ അധികൃതർ ശേഖരിക്കാറുണ്ടോ; നിലവിൽ എന്തെല്ലാം വിവരങ്ങളാണ് ഇവരിൽ നിന്നും ശേഖരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) മതിയായ യാത്രാരേഖകളോ തിരിച്ചറിയൽ രേഖകളോ ഇല്ലാതെ ബംഗ്ലാദേശികൾ കേരളത്തിലേയ്ക്ക് വരുന്നത് വർദ്ധിച്ചതായും ഇവർക്കിടയിൽ ക്രിമിനലുകളും തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളവരും വ്യാജതിരിച്ചറിയൽ കാർഡുമായി കഴിയുന്നതായും ഉള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അന്യസംസ്ഥാനത്തൊഴിലാളികളുടെ വിവരശേഖരണവുമായി ബന്ധപ്പെട്ട് അധികൃതർ കൂടുതൽ ജാഗ്രത പുലർത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>കോട്ടായിൽ എസ്.ഐ ശ്രീ. ആർ. ശിവശങ്കരന് പ്രമോഷൻ</u>

5746. ശ്രീ.വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോട്ടായിൽ എസ്.ഐ. ആയി ജോലി നോക്കുന്ന ശ്രീ. ആർ. ശിവശങ്കരനെ എസ്.ഐ.- ൽ നിന്നും സി.ഐ. -ലേക്കുള്ള പ്രമോഷന് വേണ്ടിയുള്ള ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 23-ാം ബാച്ചുകാരനും 2003-ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത പട്ടികജാതിക്കാരനായ ശ്രീ. ആർ.ശിവശങ്കരന്റെ പേരിൽ എന്തെങ്കിലും അച്ചടക്ക നടപടിയോ ശിക്ഷാ നടപടികളോ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ശ്രീ. ആർ. ശിവശങ്കരനെ ഡി.പി.സി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉദ്യോഗക്കയറ്റം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ശുഭയാത്ര **2015**</u>

5747. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുഭയാത്ര 2015 നടപ്പിലാക്കിയതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പുതിയ ഫയർ സ്റ്റേഷനുകൾ

5748. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി എവിടെയെല്ലാമാണ് ഫയർ സ്റ്റേഷനുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കിളിമാനൂർ കേന്ദ്രമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

അഗ്നിശമന സേനയുടെ പ്രവർത്തനം

5749. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഗ്നിശമന സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ആധുനികവൽക്കരണം സാദ്ധ്യമാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയതായി എത്ര വാഹനങ്ങൾ വാങ്ങിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഗ്നിശമന സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പുതിയതായി എത്ര ഫയർ സ്റ്റേഷനുകളും എത്ര ജീവനക്കാരുടെ തസ്തികകളും സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) അഗ്നിശമന സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം ആധുനികവൽക്കരണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കടയ്ക്കൽ അഗ്നി രക്ഷാ നിലയത്തിനു പുതിയ മന്ദിരം

5750. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടയ്ക്കൽ അഗ്നി രക്ഷാ നിലയത്തിനു പുതിയ മന്ദിരം നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ബാർ കോഴക്കേസ്

5751. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, എ.കെ.ബാലൻ
,, എ. പ്രദീപ്കുമാർ
പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഷൻഭായിയും സ്റ്റേറ്റ് ഓഫ് ഗുജറാത്തും തമ്മിലുള്ള കേസിൽ സുപ്രീംകോടതി, ക്രിമിനൽ കേസുകൾ അന്വേഷിക്കുന്ന ഉദ്യോഗസ്ഥന്മാർ പാലിക്കേണ്ടതായ നിബന്ധനകളെ സംബന്ധിച്ച് വ്യക്തമാക്കപ്പെട്ടിട്ടുള്ളത് അറിയാമോ; ഈ വിധിയുടെ പകർപ്പ് ആഭ്യന്തര വകുപ്പിനും അയച്ചു കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ബാർ കോഴക്കേസ്സിന്റെ അന്വേഷണത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

ഓപ്പറേഷൻ അഴിമതി

5752. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിക്കാരായ ഉന്നത ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് ഓപ്പറേഷൻ അഴിമതി എന്ന പേരിൽ റെയ്ഡ് നടത്തുന്നതിന് വിജിലൻസ് തീരുമാനമെടുത്തിരുന്നോ;

(ബി) ഇതിനായി വിജിലൻസ് അനുമതി ആവശ്യപ്പെട്ടിരുന്നോ; അനുമതി ലഭ്യമാക്കിയിരുന്നോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇത്തരത്തിലുള്ള എത്ര റെയ്ഡുകൾ ഇതുവരെ നടത്തിയെന്ന് വ്യക്തമാക്കാമോ?

വിജിലൻസ് കേസുകൾ

T 5753. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഏതെല്ലാം ആരോപണങ്ങളുമായി ബന്ധപ്പെട്ടാണ് വിജിലൻസ് കേസ്സുകളുള്ളത് ; ആയതിന്റെ പുരോഗതി അറിയിക്കുമോ?

വിജിലൻസ് കേസ്സുകൾ

5754. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11/7/2011 മുതൽ 30/6/2015 വരെ എത്ര അഴിമതി കേസ്സുകൾ വിജിലൻസ് അന്വേഷിച്ചു ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വിജിലൻസ് അന്വേഷിച്ച എത്ര കേസുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു ; വിശദാംശം ലഭ്യമാക്കുമോ;

(സി) എത്ര കേസുകൾ സർക്കാരിലേക്ക് അനുമതിക്കായി അയച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ലോങ്ങ് പെന്റിംഗായ എത്ര കേസ്സുകൾ വിജിലൻസ് വകുപ്പിൽ നിലവിലുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

മന്ത്രിമാർക്കെതിരേയുള്ള പരാതി

5755. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരായ ശ്രീ. കെ. എം. മാണി, ശ്രീ. അനൂപ് ജേക്കബ് എന്നിവർക്കെതിരെ അഴിമതി ആരോപിച്ച് കേരളാ കോൺഗ്രസ്സ് നേതാവ് ശ്രീ.ആർ. ബാലകൃഷ്ണപിള്ള വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകിയിരുന്നോ;

(ബി) എങ്കിൽ എന്നാണ് പരാതി നൽകിയതെന്നും ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാമെന്നും വ്യക്തമാക്കാമോ?

ഇ-പ്രിസൺസ്

5756. ശ്രീ.ലൂഡി ലൂയിസ്
,, എം.എ. വാഹീദ്
,, എം.പി.വിൻസെന്റ്
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിനെ ഇ-പ്രിസൺസ് ഗണത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

വനിതാ ഓപ്പൺ ജയിൽ

5757. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ഓപ്പൺ ജയിലിൽ നിലവിൽ എത്ര തടവുകാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജയിലിൽ വനിതാ തടവുകാരെക്കാൾ കൂടുതൽ ജീവനക്കാർ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാരണത്താൽ വലിയ സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ജയിലിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) വനിതാ തടവുകാർ എന്തെല്ലാം ജോലികളാണ് നിർവ്വഹിക്കുന്നത് ; ഇതുമൂലമുള്ള സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ?

ജയിലുകളിൽ മഴക്കുഴികൾ

5758. ശ്രീ.എ.റ്റി.ജോർജ്
,, അൻവർ സാദത്ത്
,, വി.റ്റി.ബൽറാം
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ മഴക്കുഴികൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ജയിലുകളിൽ ഭക്ഷ്യോല്പാദന യൂണിറ്റുകളും "സംരക്ഷ"സംരംഭവും

5759. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, പി.എ.മാധവൻ
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ ഭക്ഷ്യോല്പാദന യൂണിറ്റുകളും "സംരക്ഷ"സംരംഭവും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്?

തടവുകാർക്കുള്ള ഭക്ഷണ വിതരണത്തിലെ പ്രതിസന്ധി

5760. ശ്രീ.കെ.രാധാകൃഷ്ണൻ
,, സി.കൃഷ്ണൻ
,, പുരുഷൻ കടലുണ്ടി
,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്കുള്ള ഭക്ഷണ വിതരണം പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനിടയായ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) ജയിൽ തടവുകാർക്കുള്ള ഭക്ഷണത്തിനായി സർക്കാർ പണം നൽകുന്നത് എപ്പോഴാണ്; ഈ വർഷാരംഭത്തിലെ അലോട്ട്മെന്റ് നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ;

(സി) ഭക്ഷണം മുടങ്ങുന്ന സാഹചര്യമുണ്ടായാൽ ജയിലുകളിൽ ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുമെന്നറിയാമോ; പ്രസ്തുത സ്ഥിതിവിശേഷം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## കുറയുന്ന വനവിസ്തൃതി

5761. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവിസ്തൃതി ആശങ്കപ്പെടുത്തുംവിധം കുറഞ്ഞുവരുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) വനവും വന്യമൃഗങ്ങളും സംരക്ഷിക്കപ്പെടുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) വനഭൂമി അനധികൃതമായി കൈയ്യേറിയവരെ ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വനമേഖലയിൽ പടർന്നുപിടിക്കുന്ന കാട്ടുതീ തടയുന്നതുൾപ്പെടെയുള്ള എന്തെല്ലാം നടപടികളാണ് വനസംരക്ഷണത്തിനായി സ്വീകരിച്ചുവരുന്നത്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വനം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയുണ്ടായി; ജില്ലാ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

## വനം വകുപ്പിൽ ഒഴിവുള്ള തസ്തികകൾ

5762. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) തസ്തികകൾ തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) എല്ലാ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

## വനം വകുപ്പിന്റെ വാഹനങ്ങൾ

5763. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ചിനുശേഷം വനം വകുപ്പിന്റെ ആവശ്യത്തിനായി വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചുയെന്നും ഏതൊക്കെ ഓഫീസുകൾക്കാണ് പ്രസ്തുത വാഹനങ്ങൾ അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) 2013 മാർച്ചിനുശേഷം വനം വകുപ്പിന്റെ റേഞ്ചുകളിലേക്കും, സ്റ്റേഷനുകളിലും അനുവദിച്ച വാഹനങ്ങളുടെ വിവരങ്ങളും, വാഹനങ്ങളുടെ മോഡലുകൾ സംബന്ധിച്ച വിശദാംശങ്ങളും തരം തിരിച്ചു വ്യക്തമാക്കുമോ;

(സി) വനം വകുപ്പിന്റെ കീഴിൽ ഏതെല്ലാം റെയ്ഞ്ചുകളിലും സ്റ്റേഷനുകളിലും വാഹനങ്ങൾ ഇല്ലാത്തതായി അവശേഷിക്കുന്നുയെന്നും അവിടെ വാഹനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## വൈത്തിരി- മേപ്പാടി കാട്ടാന ശല്യം കുറയ്ക്കുന്നതിന് വൈദ്യുതി വേലി

5764. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാന ശല്യം കുറയ്ക്കുന്നതിനായി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി- മേപ്പാടി മേഖലകളിൽ സ്ഥാപിക്കുന്ന വൈദ്യുതി വേലിയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(സി) വൈത്തിരി- മേപ്പാടി മേഖലകളിൽ സ്ഥാപിക്കുന്ന വൈദ്യുതി വേലിയുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

## പരിസ്ഥിതി സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

5765. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിനായി സംസ്ഥാന പരിസ്ഥിതി വകുപ്പ് ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഏജൻസികൾ വഴിയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## നഗരങ്ങളിലെ പച്ചപ്പ് നലനിർത്തൽ

5766. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, വി.എം.ഉമ്മർ മാസ്റ്റർ

,, പി.ഉബൈദുള്ള

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ പച്ചപ്പ് നലനിർത്തുന്ന കാര്യത്തിൽ വനം വകുപ്പ് എന്തൊക്കെ സഹായങ്ങൾ ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) റോഡുവക്കിലും, സർക്കാർ ഭൂമികളിലുമുള്ള മരങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും, പുതിയവ വച്ചുപിടിപ്പിക്കുന്ന കാര്യത്തിലും വനം വകുപ്പിനുള്ള പങ്ക് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് വീതി കൂട്ടലും പുനർ നിർമ്മാണവും നടത്തുന്ന റോഡുകളുടെ വശങ്ങളിൽ പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് നിർമ്മാണ പ്രവൃത്തികൾക്കൊപ്പം ഗതാഗതത്തിന് തടസ്സംവരാത്ത വിധം അനുയോജ്യമായ മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

## വനോൽപ്പന്നങ്ങളുടെ വിപണനം

5767. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനോൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) വനപ്രദേശങ്ങളിലെ തടികളുടെ ലേലം യഥാസമയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

## ആനവേട്ടയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

5768. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ വനം ഡിവിഷനിലെ ആനവേട്ടയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസ്സുകളിൽ എത്ര പേരെ പ്രതികളായി കണ്ടെത്തിയിട്ടുണ്ടെന്നും എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എത്ര പേർക്കെതിരെ ഏതൊക്കെ കുറ്റങ്ങൾക്കാണ് നടപടി എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) കുറ്റകൃത്യം കണ്ടെത്തി കേസ്സുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ആനവേട്ടയുമായി ബന്ധപ്പെട്ട കുറ്റകൃത്യം കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും ഏതു സന്ദർഭത്തിലാണെന്നും വ്യക്തമാക്കുമോ;

(ഇ) ആനവേട്ടക്കേസിൽ സമർപ്പിച്ചിട്ടുള്ള പ്രഥമ വിവര റിപ്പോർട്ടുകളുടെയും മഹസ്സറിന്റെയും കോപ്പികൾ ലഭ്യമാക്കുമോ;

(എഫ്) ആനവേട്ട സംബന്ധിച്ച് വനം വകുപ്പിന്റെ വിജിലൻസ്, ഇന്റലിജൻസ് വിഭാഗങ്ങൾ ഇതിനുമുമ്പ് എന്തെങ്കിലും രഹസ്യ വിവരങ്ങളോ, സൂചനകളോ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ജി) വിവരങ്ങൾ നൽകിയിരുന്നില്ലെങ്കിൽ ഈ സംഭവം ആ വിഭാഗങ്ങളുടെ വീഴ്ചയായി കണക്കാക്കാമോ; ആന വേട്ടയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ കുറ്റങ്ങൾ ഏതുകാലം മുതൽ ആരംഭിച്ചതായാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

## കാട്ടാനകളെ കൊലപ്പെടുത്തിയ സംഭവം

5769. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 22 കാട്ടാനകളെ കൊലപ്പെടുത്തി എന്ന വാർത്ത വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം മുൻപെങ്ങുമില്ലാത്ത വിധം ആനകൾ വേട്ടയാടപ്പെട്ടുവാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

## വനാതിർത്തിയിലെ മനുഷ്യ -വന്യമൃഗ സംഘർഷം

5770. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനാതിർത്തിയിൽ മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വനം വകുപ്പോ, കെ.എഫ്.ആർ.ഐ-യോ ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടുകൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണം മൂലം മരണപ്പെട്ടവർ ആരൊക്കെയാണെന്നും ; ഏതൊക്കെ സ്ഥലങ്ങളിലാണെന്നും വിശദമാക്കാമോ?

## മരം മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ

5771. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ അശമന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്തെ മരം മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നുണ്ടോ;

(ബി) പരിസ്ഥിതി വകുപ്പ് സെക്രട്ടറിയുടെ പരിഗണനയിലുള്ള 16-6-2015-ാം തീയതിയിലെ 2141/2015/B1 നമ്പർ ഫയൽ പ്രകാരമുള്ള നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ആവശ്യം അംഗീകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

## സുസ്ഥിര കേരളം പദ്ധതി

5772. ശ്രീ.പാലോട് രവി

,, വി.റ്റി.ബൽറാം

,, ജോസഫ് വാഴയ്ക്കൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി അവബോധം വളർത്തുന്നതിന് സുസ്ഥിര കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കസ്തൂരി രംഗൻ റിപ്പോർട്ട്

5773. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ എന്തെല്ലാം കാര്യങ്ങളാണ് കേരള സർക്കാർ സമർപ്പിക്കേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) അത്തരം വിവരങ്ങൾ എല്ലാം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

## പരിസ്ഥിതി ലോല പ്രദേശങ്ങളെ സംബന്ധിച്ച റിപ്പോർട്ട്

5774. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരിസ്ഥിതി ലോല പ്രദേശങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാറിന് പുതുതായി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പുതിയ റിപ്പോർട്ട് തയ്യാറാക്കാനിടയായ സാഹചര്യം വിശദമാക്കുമോ ;

(സി) ആദ്യത്തെ റിപ്പോർട്ടിൽ നിന്നും എന്തെല്ലാം മാറ്റങ്ങളാണ് പുതിയ റിപ്പോർട്ടിലുള്ളതെന്ന് വ്യക്തമാക്കുമോ ?

## പരിസ്ഥിതിലോല മേഖലകളുടെ അതിർത്തി നിർണ്ണയം

5775. ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതിലോല മേഖലകളുടെ അതിർത്തി നിർണ്ണയത്തിൽ വ്യക്തത ആവശ്യപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പിനെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കി പരിസ്ഥിതലോല മേഖലയുടെ അതിർത്തി നിർണ്ണയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) നിലവിൽ വനഭൂമിയും റവന്യൂ ഭൂമിയും ജണ്ടയിട്ട് തിരിച്ചതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല മേഖലയുടെ അതിർത്തി ആയി പരിഗണിക്കുവാൻ നിർദ്ദേശം നൽകുമോ?

## സ്പോർട്സ് കിറ്റ്

T 5776. ശ്രീ.പി.സി വിഷ്ണുനാഥ്

,, കെ.എസ്.ശബരീനാഥൻ

,, ഹൈബി ഈഡൻ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലബുകൾക്കും സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ദേശീയ ഗെയിംസ് സ്റ്റേഡിയങ്ങൾ

5777. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വാങ്ങിയ ഉപകരണങ്ങളുടെ സംരക്ഷണച്ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റേഡിയങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ സംരക്ഷണച്ചുമതല ആവശ്യപ്പെട്ട് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ കത്ത് നൽകിയിട്ടുണ്ടോ;

(സി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സുരക്ഷാ ഉപകരണങ്ങളുടെ സംരക്ഷണവും ഉപയോഗവും ആർക്ക് നൽകാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വയനാട് ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണം

5778. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) 1988-ൽ സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ലഭിച്ചിട്ടും സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ചലച്ചിത്ര രംഗത്തെ പ്രതിസന്ധി .

5779. ശ്രീ.സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചലച്ചിത്ര രംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനും മലയാള സിനിമയെ ഉന്നതിയിൽ എത്തിക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) മലയാള സിനിമാരംഗത്തെ കിടമത്സരങ്ങൾ ഒഴിവാക്കി നല്ല സിനിമകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട വിവിധ സംഘടനകളെ ഒരു കുടക്കീഴിൽ അണിനിരത്തി ഈ വ്യവസായം നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണുവാൻ ശ്രമിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി . കൊറിയർ സർവ്വീസ്

5780. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ കൊറിയർ സർവ്വീസിന്റെ പ്രവർത്തനം ഏതു ഘട്ടം വരെയെയെത്തിയെന്നു വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി കൊറിയർ സർവ്വീസ് എല്ലാ ഡിപ്പോകളിൽ നിന്നും, സബ്ഡിപ്പോകളിൽ നിന്നും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) കൊറിയർ സർവ്വീസിനുള്ള ചാർജ്ജുകൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കെ.എസ്.ആർ.ടി.സി കൊറിയർ സർവ്വീസ് മുഖേന അയയ്ക്കുന്ന പാഴ്സലുകൾ വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

കെ.എസ്.ആർ.ടി.സി .പെൻഷൻ

5781. ശ്രീ.എളമരം കരീം

,, കെ.വി.അബ്ദുൾ ഖാദർ

,, സി.കെ സദാശിവൻ

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി .യിൽ നിന്നും റിട്ടയർ ചെയ്തവർ പെൻഷൻ ലഭിക്കാതിരിക്കുന്നതു മൂലം ആത്മഹത്യചെയ്തുകൊണ്ടിരിക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശം നല്കുമോ;

(ബി) റിട്ടയർ ചെയ്തവർക്ക് അർഹമായ പെൻഷൻ യഥാസമയം നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത് ;അവ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) പ്രതിമാസം പെൻഷൻ നൽകുന്നതിനാവശ്യമായ തുക എത്ര ; ഇത് ഉറപ്പാക്കുന്നത് ഏതെല്ലാം വിധത്തിലൂടെയായിരിക്കും എന്ന് വിശദമാക്കാമോ?

<u>കെ.എസ്.ആർ.ടി.സി ബസുകളിലെ ദിശാ സൂചക ബോർഡുകൾ</u>

5782. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകളിലെ ഡെസ്റ്റിനേഷൻ ബോർഡുകൾ പലതും വായിക്കാൻ കഴിയാത്ത തരത്തിലുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബോർഡുകളുടെ വലിപ്പം വർദ്ധിപ്പിക്കുന്നതിനും ബസിന്റെ വാതിലുകളിലോ വാതിലുകളുടെ സമീപത്തോ ബോർഡുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണം</u>

5783. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് കെ.എസ്.ആർ.ടി.സി. യുടെ ഭൂമിയിൽ നിർമ്മിച്ച ചീഫ് ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണച്ചെലവിനായി വായ്പ എടുത്തിരുന്നുവോ; എങ്കിൽ എവിടെനിന്ന്; എത്ര തുക; എത്ര ശതമാനം പലിശ; ഇനി എത്ര തുക അടച്ച് തീർക്കുവാനുണ്ട്; വിശദാംശങ്ങൾ നല്കാമോ;

(ബി) പ്രസ്തുത കെട്ടിട സമുച്ചയത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക നാളിതുവരെ വാടകയിനത്തിൽ ലഭിച്ചുവെന്നും ഏതൊക്കെ സ്ഥാപനങ്ങളാണ് ഇവിടെ വാടക നൽകി പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന കളക്ഷനും ഇന്ധനച്ചെലവും</u>

5784. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിദിന കളക്ഷൻ എത്ര രൂപയായാണെന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ ശരാശരി ഇന്ധനച്ചെലവ് പ്രതിദിനം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

(സി) ശരാശരി എത്ര സർവ്വീസുകളാണ് ദിനംപ്രതി കെ.എസ്.ആർ.ടി.സി. നടത്തുന്നത്?

<u>കെ.എസ്.ആർ.ടി.സി.യിലെ മരാമത്ത് പണികൾ</u>

5785. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നടക്കുന്ന മരാമത്തു പണികൾ കുറ്റമറ്റരീതിയിൽ നടത്തുവാൻ നടപടി സ്വീകരിക്കാമോ ;

(ബി) പല കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിലെയും മറ്റും ടാറിംഗ് ഉൾപ്പെടെയുള്ള പണികൾക്കും മരാമത്തു പണികൾക്കുമായി നിലവാരം കുറഞ്ഞ സാധനങ്ങൾ ഉപയോഗിച്ചുവരുന്നതായി വാർത്തകളുണ്ടായിട്ടും ഇതിന്മേൽ ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കാത്തതിനെക്കുറിച്ചന്വേഷിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(സി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി യുടെ മരാമത്ത് പണികൾ ചെയ്യുന്ന ചില കോൺട്രാക്ടർമാർ വർഷങ്ങളായി വേണ്ടരീതിയിൽ പണി നടത്താതെ ബില്ലുകൾ യഥാസമയം പാസ്സാക്കി തുകകൾ കൈപ്പറ്റിവരുന്നത് അന്വേഷിക്കാമോ ; ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വരവും ചെലവും</u>

5786. **ശ്രീ.വി.എസ്.സുനിൽ കുമാർ**
**,, വി.ശശി**
**,, ഇ.ചന്ദ്രശേഖരൻ**
**,, കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഈ സർക്കാരിൽ നിന്നും ഇതുവരെ എത്ര തുക വായ്പ എടുത്തിട്ടുണ്ട് ; ഇതിൽ ഇനി തിരിച്ചടയ്ക്കാനുള്ള വായ്പത്തുക എത്ര ; വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി മറ്റ്ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും ഇതേ കാലത്ത് എത്ര രൂപ വീതം വായ്പയെടുത്തിട്ടുണ്ട് ; പ്രസ്തുത വായ്പയിലോരോന്നിലും ഇനി എത്ര തുക വീതം അടച്ചുതീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) 2015 ജനവരി മാസം മുതൽ ഇതുവരെ കെ.എസ്.ആർ.ടി.സി യുടെ ഓരോ മാസത്തിലെയും വരവും ചെലവും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

കാഴ്ച പരിശോധനാ സർട്ടിഫിക്കറ്റുകൾ

5787. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുവേണ്ടി ഹാജരാക്കേണ്ട കാഴ്ച പരിശോധനാ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനു ആയുർവേദ നേത്രരോഗ ബിരുദാനന്തര ബിരുദധാരികൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ;എങ്കിൽ കാരണം വിശദമാക്കാമോ ?

ബസ്സ് ചാർജ്ജ് വർദ്ധനവ്

5788. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിൽ കെ.എസ്.ആർ.റ്റി.സി. ബസ്സുകളിലെ മിനിമം ചാർജ്ജ് എത്രയായിരുന്നു ;

(ബി) ഇപ്പോൾ കെ.എസ്.ആർ.റ്റി.സി. യിലെ മിനിമം ചാർജ്ജ് എത്രയാണ് ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.റ്റി.സി. യിലെ ഓരോ ബസ്സ് ചാർജ് വർദ്ധനവും പ്രാബല്യത്തിൽ വന്ന തീയതികൾ വ്യക്തമാക്കുമോ?

റീച്ച് ഓൺ ഫാസ്റ്റ് ബസ്

5789. **ശ്രീ.വി.ഡി.സതീശൻ**

**,, എം.എ. വാഹീദ്**

**,, എ.പി.അബ്ദുള്ളക്കുട്ടി**

**,, ലൂഡി ലൂയിസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ "റീച്ച് ഓൺ ഫാസ്റ്റ് ബസ്" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്?

ഫെയർ സ്റ്റേജ് നിർണ്ണയവും ടിക്കറ്റ് വർദ്ധനയും

5790. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഓർഡിനറി മുതൽ എക്സ്പ്രസ്സുവരെയുള്ള വിവിധ ബസ്സുകളുടെ നിരക്കും നിരക്കിന്റെ അടിസ്ഥാനത്തിൽ യാത്രചെയ്യാൻ അനുവദിക്കപ്പെട്ട ദൂരവും എത്രയായിരുന്നു;

(ബി) അതിനുശേഷം എത്ര പ്രാവശ്യം എത്ര നിരക്കിൽ വർദ്ധനവ് നടത്തി എന്നും ഇതിനായി എന്തെല്ലാം പഠനങ്ങൾ നടത്തി എന്നും വ്യക്തമാക്കുമോ; പഠന റിപ്പോർട്ടുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ;

(സി) ഫെയർസ്റ്റേജ് പുനർ നിർണ്ണയിക്കാൻ കോടതികൾ നിർദ്ദേശിച്ചത് എന്നാണ് എന്ന അറിയിക്കാമോ; വിധി പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ഫെയർ സ്റ്റേജ് പുനർ നിർണ്ണയിക്കാനുള്ള യാത്രക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ടിക്കറ്റ്നിരക്ക് വർദ്ധിപ്പിക്കൽ കൂടാതെ KSRTC എന്തെല്ലാം വർദ്ധനവുകൾ 2011 മുതൽ 2015 വരെ നടപ്പാക്കി എന്നും പ്രസ്തുത വർദ്ധനവുവഴി നാളിതുവരെ എത്ര തുക KSRTCക്ക് ലഭിച്ചു എന്നും അറിയിക്കുമോ;ടിക്കറ്റ് നിരക്ക് വർദ്ധനഒഴികെയുള്ള മറ്റു വർദ്ധനവുകൾ മറ്റു സംസ്ഥാനങ്ങളിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഇല്ലെങ്കിൽ പ്രസ്തുത വർദ്ധനവുകൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ചടയമംഗലം കെ.എസ്.ആർ.റ്റി.സി.ഡിപ്പോയിലെ സർവ്വീസുകൾ

5791. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം കെ.എസ്.ആർ.റ്റി.സി. ഡിപ്പോയിൽ നിന്നും ഇപ്പോൾ എത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, ഓർഡിനറി എന്നിവയുടെ കണക്ക് പ്രത്യേകം നൽകാമോ;

(സി) 2015 ജനവരി മുതൽ ജൂൺ 30 വരെയുള്ള കാലയളവിൽ പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) എത്ര സർവ്വീസുകൾ ക്യാൻസൽ ചെയ്തു എന്ന് വ്യക്തമാക്കാമോ?

കണ്ണൂർ. കാസർഗോഡ് ജില്ലകളിലെ കെ. എസ്. ആർ. ടി. സി ബസ്സുകൾ

5792. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ,കാസർഗോഡ് ജില്ലകളിലെ കെ. എസ്. ആർ. ടി. സി ഡിപ്പോകളിൽ എത്ര ബസ്സുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് ഡിപ്പോ തിരിച്ച് വിശദമാക്കാമോ ?

<u>തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിലും ഡിപ്പോയിലും അടിസ്ഥാന സൗകര്യങ്ങൾ</u>

5793. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിലും ഡിപ്പോയിലും യാത്രക്കാർക്ക് നടപ്പാതകളോ മൂത്രപ്പുരകളോ ഇല്ലാത്തതും വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നൽകാത്തതും ആയ മനുഷ്യാവകാശ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നു വിശദമാക്കുമോ?

<u>കാസർഗോഡ് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ</u>

5794. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. എത്ര പുതിയ റൂട്ടുകൾ ആനുവദിച്ചിട്ടുണ്ട്;

(സി) ജില്ലയിൽ നിർത്തലാക്കിയ ബസ്സ് റൂട്ടുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

<u>മാവേലിക്കര മണ്ഡലത്തിൽ ഗതാഗത വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ</u>

5795. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവേലിക്കര മണ്ഡലത്തിൽ ഗതാഗത വകുപ്പ് നിലവിൽ നടപ്പിലാക്കുന്നതിനായി ഉൾകൊള്ളിച്ചിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്?

<u>തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. ടെർമിനൽ</u>

5796. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തമ്പാനൂരിലെ പുതിയ കെ.എസ്.ആർ.ടി.സി ടെർമിനൽ എന്നാണ് ഉദ്ഘാടനം ചെയ്യപ്പെട്ടതെന്നും പ്രസ്തുത ഉദ്ഘാടന ചടങ്ങിൽ എത്ര മന്ത്രിമാർ പങ്കെടുത്തുവെന്നും, ചടങ്ങിനുവേണ്ടി ചെലവഴിച്ച തുക എത്രയെന്നും, അന്നു പ്രസ്തുത മന്ത്രിമാർ നടത്തിയ പ്രഖ്യാപനങ്ങൾ എന്തൊക്കെയാണെന്നും, അവയിൽ നാളിതുവരെ നടപ്പിലാക്കിയവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) ഈ പുതിയ ബസ് ടെർമിനൽ ഉദ്ഘാടനം ചെയ്യപ്പെടുന്നതിനുമുമ്പ് ഇവിടെ നിന്നും എത്ര സർവ്വീസുകൾ, ഏതെല്ലാം റൂട്ടുകളിലേക്ക് ഓപ്പറേറ്റ് ചെയ്യപ്പെട്ടിരുന്നുവെന്നും, ഇപ്പോൾ പുതിയ ടെർമിനലിൽ നിന്നും, ഏതെല്ലാം റൂട്ടുകളിലേക്ക് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യപ്പെടുന്നുണ്ടെന്നും വിശദമാക്കുമോ?

<u>ആറ്റിങ്ങൽ ഡിപ്പോയിലെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ</u>

5797. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിലവിലുള്ള കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഡിപ്പോയിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

<u>അമിതചാർജ് ഈടാക്കുന്നത് തടയാൻ നടപടി</u>

5798. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടോ, ടാക്സി യാത്രകൾക്ക് അമിതചാർജ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിത ചാർജ് ഈടാക്കുന്നത് തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അമിത ചാർജ് സംബന്ധിച്ച പരാതികൾക്കായി ഹെൽപ് ലൈൻ നമ്പർ നഗരങ്ങളിലും ഗ്രാമങ്ങളിലും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി , സിവിൽസ്റ്റേഷൻ തുടങ്ങിയ പൊതുജന സേവന കേന്ദ്രങ്ങളിൽ പ്രീപെയ്ഡ് ഓട്ടോ ടാക്സി

സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ് സർവ്വീസ്

5799. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് സർവ്വീസ് നടത്തുവാൻ അനുവദിച്ചതുമൂലം കെ.എസ്.ആർ.ടി.സി ക്ക് നഷ്ടം ഉണ്ടാകുമോ ; എങ്കിൽ പ്രതിദിന ശരാശരി നഷ്ടത്തിൻെറ കണക്ക് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ദീർഘദൂര ബസ് സർവ്വീസുകൾ നടത്താനുള്ള നിയമപരമായ അർഹത നിക്ഷിപ്തമായിട്ടുള്ളത് ആരിലാണ് ;

(സി) സ്വകാര്യ ഓപ്പറേറ്റർമാരിൽ നിന്നും കെ.എസ്.ആർ.ടി.സി ഏറ്റെടുത്ത റൂട്ടുകൾ ഭൂരിഭാഗവും ലാഭത്തിലാണോ പ്രവർത്തിച്ചുവരുന്നത് ;

(ഡി) ഇത്തരം റൂട്ടുകളിൽ സ്വകാര്യ ബസ് സർവ്വീസുകൾ വീണ്ടും ആരംഭിക്കുമ്പോൾ കെ.എസ്.ആർ.ടി.സി ക്ക് ഉണ്ടാകുന്ന ശരാശരി നഷ്ടം എത്രയായിരിക്കും ?

നെയ്യാറ്റിൻകര ഡിപ്പോയിലെ മൂത്രപ്പുര നിർമ്മാണം

5800. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ നെയ്യാറ്റിൻകര ഡിപ്പോയിൽ യോഗ്യമല്ലാത്ത തരത്തിലും അശാസ്ത്രീയമായ രീതിയിലും മൂത്രപ്പുരകൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപാകം പരിഹരിക്കുന്നതിനും ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ?

ബ്ലാക്ക്സ്മിത്ത് തസ്തിക നിയമനം

5801. **ശ്രീ.കെ.എസ്.ശബരീനാഥൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ബ്ലാക്ക്സ്മിത്ത് തസ്തികയിലേയ്ക്ക് അവസാനമായി എന്നാണ് പി.എസ്.സി. വഴി വിജ്ഞാപനം നടത്തിയിട്ടുള്ളത്; എത്ര ഒഴിവുകളാണ് നിലവിലുണ്ടായിരുന്നത്;

(ബി) ബ്ലാക്ക്സ്മിത്ത് തസ്തികയ്ക്കായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നറിയുമോ; ഇപ്പോൾ എത്ര ഒഴിവുകളാണ് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(സി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഇതുവരേയും ആരേയും നിയമനത്തിനായി ശിപാർശ ചെയ്തിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിലെ നിലവിലുള്ള മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

വാഹന രജിസ്ട്രേഷനിലെ ക്രമക്കേടുകൾമൂലമുള്ള നഷ്ടം

5802. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹന രജിസ്ട്രേഷൻ ഫീസുകളും നടപടിക്രമങ്ങളും അന്യ സംസ്ഥാനങ്ങളിലെ രജിസ്ട്രേഷൻ ഫീസ്, നടപടിക്രമങ്ങൾ എന്നിവയക്കാൾ കൂടുതലും സങ്കീർണ്ണവുമായതിനാൽ അന്യസംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ കരസ്ഥമാക്കി സംസ്ഥാനത്ത് വാഹനമോടുന്നതും ശേഷം സംസ്ഥാനത്ത് രജിസ്ട്രേഷൻ മാറ്റപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും അന്യ സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തി സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങൾ/രജിസ്ട്രേഷൻ സംസ്ഥാനത്ത് ട്രാൻസ്ഫർ ചെയ്യപ്പെട്ട വാഹനങ്ങൾ എത്രയെന്നും ഇതുമൂലം സംസ്ഥാനത്തിന് ഈ ഇനത്തിൽ എത്ര തുക നഷ്ടം ഉണ്ടായി എന്നും വ്യക്തമാക്കുമോ;

(സി) ഓപ്പറേഷൻ കുബേരയിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ, ചന്ദ്രബോസ് കൊലക്കേസ് പ്രതി നിസ്സാം ഉൾപ്പെടെ മറ്റ് ക്രിമിനലുകൾ തുടങ്ങിയവർ ഇത്തരത്തിലുള്ള ,എത്രവാഹനങ്ങൾ ഉപയോഗിച്ച് എന്നും 2011 മുതൽ 2015 വരെ ഓരോവർഷവും വകുപ്പിന്റെ അന്വേഷണത്തിലും മറ്റു പരാതികളുടെ അടിസ്ഥാനത്തിലും കണ്ടെത്തിയ ഇത്തരത്തിലുള്ള വാഹനങ്ങൾ എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന് പ്രസ്തുത തരത്തിൽ ഉണ്ടായ നഷ്ടം പരിഹരിക്കാൻ എന്തുനടപടി നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

റോഡ് സുരക്ഷാ അതോറിറ്റി

5803. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി**

**,, കെ.എം.ഷാജി**

**,, പി.ബി. അബ്ദുൾ റസാക്**

**,, പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റി രൂപീകരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റാൻ അതോറിറ്റി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

വാഹന രജിസ്ട്രേഷൻ

5804. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ ഉൾപ്പടെയുള്ള വാഹന നികുതി അന്യ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇക്കാരണത്താൽ ആഡംബര വാഹനങ്ങൾ ഉൾപ്പടെയുള്ളവ വ്യാജ വിലാസം നൽകി അന്യ സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തിയശേഷം സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ എത്ര വാഹനങ്ങൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭ്യമായെന്നും എത്രയെണ്ണത്തിൽ നാളിതുവരെ നടപടി സ്വീകരിച്ചെന്നും എത്ര വാഹനങ്ങൾ പിടികൂടിയെന്നും എത്ര തുക ഫൈൻ ഇനത്തിൽ ഈടാക്കിയെന്നും വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, | പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, | സെക്രട്ടറി.
21-07-2015

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.